412
VOL. 18 | ISSUE 21
Pages 12

# ഹാലേലൂയ്യ

1-15 DECEMBER, 2013 • ക്രൈസ്തവ ദ്വൈവാരിക

Price Rs. 10/-

Published From Thiruvalla on 1-12-2013 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

## സഭകളുടെ ലോക കൗൺസിലിൽ ഐ.പി.സി.യും



ഡോ. പ്രിൻസ് ഗുണരത്നം


റവ.ഡോ.പോൾസൺ പുലിക്കോട്ടിൽ


റവ.ജയിംസ് ചാക്കോ (മേഘാലയ)

ബുസാൻ, സൗത്ത് കൊറിയ: സഭകളുടെ ലോക കൗൺസിലിൽ ചരിത്രത്തിലാദ്യമായി ഇന്ത്യയിൽ നിന്ന് ഒരു പെന്തെക്കോസ്ത് സഭയുടെ പ്രതിനിധി പങ്കെടുത്തു. ഐ.പി.സി. ജനറൽ കൗൺസിൽ അംഗവും ഐ.പി.സി.മേഘാലയ സ്റ്റേറ്റ് പ്രസിഡന്റുമായ റവ.ജയിംസ് ചാക്കോയാണ് സഭയുടെ ഔദ്യോഗിക പ്രതിനിധിയായി ലോകസമ്മേളനത്തിൽ പങ്കെടുത്തത്. കൊറിയയിലെ ബുസാനിൽ ഒക്ടോബർ 30 മുതൽ നവംബർ 8 വരെ നടന്ന പത്താമത് അസംബ്ലിയിലാണ് ഐ.പി.സി.പ്രതിനിധി നിരീക്ഷകനായി പങ്കെടുത്തത്. ഡബ്ല്യു.സി.സി. ഔദ്യോഗികമായി ക്ഷണിച്ചതനുസരിച്ച് ജനറൽ കൗൺസിൽ തീരുമാനപ്രകാരമാണ് അദ്ദേഹം പങ്കെടുത്തത്. ജനറൽ കൗൺസിൽ നാലു പേരടങ്ങുന്ന ഡെലിഗേഷനെ അയക്കുവാനാണ് തീരുമാനിച്ചത്. എന്നാൽ ഒരാൾ മാത്രമാണ് പങ്കെടുത്തത്. ഐപിസിസഭാംഗവും പൂനെ യൂണിയൻ ബിബ്ലിക്കൽ സെമിനാരിയിലെ പ്രൊഫസറുമായ പ്രശസ്ത തിയോളജിയൻ റവ.ഡോ.പോൾസൺ പുലിക്കോട്ടിലും സമ്മേളനത്തിൽ പങ്കെടുത്തു. 'ഗ്ലോബൽ പെന്തെക്കോസ്തലിസം' എന്ന വിഷയത്തിൽ നടന്ന വർക്ക്ഷോപ്പിൽ ഡോ.പോൾസൺ പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു.

ഇന്ത്യയിൽ നിന്ന് ആദ്യമായാണ് ഏതെങ്കിലുമൊരു പെന്തെക്കോസ്ത് സഭക്ക് ഡബ്ല്യു.സി.സി.യിലേക്ക് ക്ഷണം ലഭിക്കുന്നത്. കത്തോലിക്ക സഭയൊഴിച്ച് ഇന്ത്യയിലെ മുഖ്യധാരാ സഭകളായ സി.എൻ.ഐ., സി.എസ്.ഐ, മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ, മാർത്തോമാ സിറിയൻ ചർച്ച്, മെഥഡിസ്റ്റ് ചർച്ച്, ബംഗാൾ, തെലുങ്ക് ബാപ്റ്റിസ്റ്റ് സഭകൾ, ലൂഥറൻ സഭ എന്നിവക്കാണ് നിലവിൽ സഭകളുടെ ലോക കൗൺസിൽ അംഗത്വമുള്ളത്.

പെന്തെക്കോസ്ത് സഭകൾക്ക് പത്താമത് ലോക സമ്മേളനത്തിൽ കാര്യമായ അംഗീകാരം ലഭിച്ചു. കൊറിയയിലെ പ്രമുഖ സഭയായ യൊയീഡോ ഫുൾ ഗോസ്പൽ പെന്തെക്കോസ്ത് സഭയുടെ കൊയർ ഒരു ദിവസം വർഷിപ്പ് ലീഡു ചെയ്തു. ഹോസ്റ്റ് കമ്മറ്റിയുടെ ഡപ്യൂട്ടി ചെയർമാൻ പാസ്റ്റർ

ശേഷം പേജ് 9

## ഹാലേലൂയ്യ ഇയർബുക്ക് ഒരു ഫോൺകോൾ സഹായം

മലയാളി പെന്തെക്കോസ്ത് സഭകളുടെ ചരിത്രവും വർത്തമാനവും സമഗ്രമായി ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഹാലേലൂയ്യാ പെന്തെക്കോസ്ത് ഇയർബുക്ക് ജനുവരി 19-ന് പുറത്തിറങ്ങും. (കുമ്പനാട് കൺവൻഷൻ സമയത്ത്).

കേരളത്തിലെ പെന്തെക്കോസ്ത് സഭകളെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിങ്ങനെ വേർതിരിച്ച് ഈ ഇയർബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രമകരമായ ഈ വിവരശേഖരണത്തിൽ വായനക്കാരുടെ ഒരു ഫോൺകോൾ സഹായം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

നിങ്ങൾ ഉൾപ്പെട്ടു നില്ക്കുന്ന ലോക്കൽ സഭ ഏത് പഞ്ചായത്തിൽ ആണെന്ന്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/കൃത്യമായി പറയുവാൻ സാധിക്കുമെങ്കിൽ താഴെയുള്ള ഏതെങ്കിലും ഫോൺ നമ്പറിൽ വിളിച്ച് അറിയിക്കുക. നിങ്ങളുടെ സഭയുടെ പേരും, ഫോൺ നമ്പരും, ഇയർബുക്കിൽ ഉൾപ്പെടുത്തുവാനുള്ള അവസാന അവസരമാണിത്.

ഇമെയിൽ വഴിയായും വിവരം നൽകാം. ഇമെയിലിൽ അയക്കുന്നവർ സഭയുടെ പേര്/സ്ഥലം/പഞ്ചായത്ത്/ജില്ല/പാസ്റ്ററുടെ പേര്/ഫോൺ നമ്പർ ഇത്രയും വിവരങ്ങൾ കൃത്യമായി നൽകുവാൻ ശ്രദ്ധിക്കുക.

**സമ്മാനം:** വിവരങ്ങൾ നൽകുന്നവരിൽ നിന്ന് നറുക്കിട്ടെടുക്കുന്ന 14 പേർക്ക് (ഒരു ജില്ലയിൽ ഒരാൾക്ക് വീതം) 400 രൂപ വിലയുള്ള ഇയർബുക്കും 2014ലെ ഡയറിയും സമ്മാനമായി നൽകുന്നതായിരിക്കും.

**വിളിക്കേണ്ടുന്ന നമ്പർ:**
**9349500155, 9744294144, 0469-3290355, 9747077397**
**hyearbook2012@gmail.com**

## ഐ.പി.സി. ഒരു വർഷത്തെ നവതിയാഘോഷം പ്രഖ്യാപിച്ചു

കുമ്പനാട്: ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ 90 വർഷം പൂർത്തിയാക്കുന്നു. ഇതോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനില്ക്കുന്ന നവതി ആഘോഷം പ്രഖ്യാപിച്ചു. 1924-ൽ റാന്നിയിൽ നടന്ന ജനറൽ കൺവൻഷന്റെ തുടർച്ചയായി 90-ാമത് കൺവൻഷനാണ് 2014 ജനുവരി 19-26 വരെ കുമ്പനാട്ട് നടക്കുന്നത്. കൺവൻഷന്റെ സമാപന ദിവസം ആരാധനയോടനുബന്ധിച്ച് നവതി ആഘോഷങ്ങളുടെ ഉദ്ഘാടന സമ്മേളനം നടക്കും. പ്രമുഖ പെന്തെക്കോസ്ത് സഭകളുടെ നേതാക്കൾ, മറ്റ് വിശിഷ്ട വ്യക്തികളും പങ്കെടുക്കുമെന്ന് ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോണും നവതി ആഘോഷ കമ്മറ്റി ചെയർമാൻ തോമസ് വടക്കേക്കൂറ്റും അറിയിച്ചു.
ഒരു വർഷം നീണ്ടു നില്ക്കുന്ന ആഘോഷങ്ങളുടെ ഭാഗമായി ഐ.പി.സിയുടെ എല്ലാ റീജിയനുകളിലുമായി 90 നവതി സ്തോത്ര ശുശ്രൂഷകൾ നടത്തും. ഐ.പി.സി.യുടെ ചരിത്രവും വളർച്ചയും വിശകലനം ചെയ്യുകയും കൂടുതൽ ക്രമീകൃതമായി സഭ മുന്നോട്ടു പോകുവാനുള്ള സമർപ്പണ പ്രാർത്ഥനകളും ഇതോടനുബന്ധിച്ച് നടക്കും. 2015-ലെ കുമ്പനാട് കൺവൻഷനോടനുബന്ധിച്ചായിരിക്കും നവതി സമാപന സ്തോത്ര ശുശ്രൂഷ നടക്കുക. നവതിയുടെ ഭാഗമായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളും സ്മരണിക പ്രസിദ്ധീകരണവും പദ്ധതിയിലുണ്ട്.

## കരിക്കിനേത്തിൽ കൊല്ലപ്പെട്ടത് പെന്തെക്കോസ്ത് യുവാവ്



പത്തനംതിട്ട: പട്ടണത്തിലെ പ്രമുഖ വസ്ത്ര വ്യാപാരശാലയായ കരിക്കിനേത്ത് ടെക്സ്റ്റൈൽ ജീവനക്കാരനായ മല്ലപ്പള്ളി സ്വദേശി ബിജു പി. ജോസഫ് കടയ്ക്കുള്ളിൽ മർദ്ദനമേറ്റു മരിച്ചു. നവംബർ 5-നായിരുന്നു സംഭവം. കടഉടമയുടെ സഹോദരനും അടൂർ കരിക്കിനേത്ത് ടെക്സ്റ്റൈൽ ഉടമയുമായ ജോസ് വർഗീസിനെ പോലീസ് അറസ്റ്റു ചെയ്തു.

ആനിക്കാട് ഇന്ത്യാ റിവൈവൽ സഭാംഗവും പനന്താനം പ്രമാടിക്കുഴിയിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകനുമാണ് ബിജു (39). പതിനഞ്ചു ദിവസം മുമ്പ് ക്യാഷ്യറായി ജോലിയിൽ പ്രവേശിച്ച ബിജുവിന്റെ പേരിൽ മോഷണക്കുറ്റം ആരോപിച്ച് കടയുടമകൾ ക്രൂരമായി മർദ്ദിച്ച് കൊല്ലുകയായിരുന്നു. കേസ് തേയ്ച്ച് മായ്ച്ച് കളയുവാൻ പോലീസ് ശ്രമം നടത്തിയെങ്കിലും ശക്തമായ പൊതുജന പ്രതിഷേധത്തെത്തുടർന്ന് പ്രതിയെ അറസ്റ്റു ചെയ്യുകയായിരുന്നു.

വർഷങ്ങളായി കോട്ടയത്ത് അർക്കാഡിയാ ഹോട്ടലിൽ ക്യാഷ്യറായി ജോലി ചെയ്തിരുന്ന ബിജുവിനെതിരെ ഒരിക്കൽപ്പോലും ആരോപണങ്ങളുണ്ടായിട്ടില്ല. കടയിലെ എന്തോ സാമ്പത്തിക തിരിമറി മനസ്സിലാക്കിയതിന്റെ പേരിൽ ബിജുവിനെ മനഃപ്പൂർവ്വം കുടുക്കുകയായിരുന്നുവെന്ന് ബന്ധുക്കൾ ആരോപിക്കുന്നു. ബിജുവിന്റെ ഭാര്യ സാന്റി കുവൈറ്റിൽ നഴ്സാണ്. മകൾ ബിജിത നാലാം ക്ലാസ് വിദ്യാർത്ഥിനിയാണ്. സഹോദരങ്ങൾ: മറിയാമ്മ, എം.ജെ.ബാബു, പാസ്റ്റർമാരായ എം.ജെ.സാബു, വർഗീസ് പി. ജോസഫ്, ജോൺ ജോസഫ്, ബീന

## നോർത്തേൺ റീജിയൻ വീണ്ടും ഐ.പി.സിയിൽ








റവ.സാമുവേൽ ജോൺ(പ്രസിഡന്റ്), പാസ്റ്റർ പി.എം.ജോൺ(വർക്കിംഗ് പ്രസിഡന്റ്), പാസ്റ്റർ സാമുവേൽ തോമസ്, പാസ്റ്റർ ലാജി പോൾ(വൈസ് പ്രസിഡന്റുമാർ) പാസ്റ്റർ ജി.ജോയിക്കുട്ടി(സെക്രട്ടറി), എം.ജോണിക്കുട്ടി ട്രഷറാർ)

ഡൽഹി: രണ്ട് പതിറ്റാണ്ട് നീണ്ട പോരാട്ടങ്ങൾക്കൊടുവിൽ ഐ.പി.സി. നോർത്തേൺ റീജിയൻ വീണ്ടും ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ഭാഗമായി മാറി. ഐ.പി.സി. ജനറൽ കൗൺസിലിന്റെ നിർണ്ണായകമായ തീരുമാനത്തിലൂടെ സഭ നേരിട്ട വലിയൊരു പ്രതിസന്ധിക്കാണ് പരിഹാരമായിരിക്കുന്നത്. നൂറു കണക്കിന് സഭകളും അനുബന്ധ സംവിധാനങ്ങളുമുള്ള നോർത്തേൺ റീജിയൻ ഉത്തരേന്ത്യയിലെ ഐ.പി.സി. പ്രവർത്തനങ്ങളുടെ അടിത്തറയായിരുന്നു. പാസ്റ്റർ കെ.ടി.തോമസിന്റെ കഠിനാദ്ധ്വാനവും ദീർഘവീക്ഷണവും കൊണ്ട് വളർച്ച പ്രാപിച്ച റീജിയനെ വ്യക്തിവിരോധങ്ങളുടെ പേരിൽ ഐ.പി.സിയിൽ നിന്ന് പുറംതള്ളുവാൻ ആസൂത്രിത ശ്രമങ്ങൾ നടന്നു. കേസുകളും തർക്കങ്ങളുമായി സഭാ കൗൺസിലുകൾ നിരവധി തവണ പ്രക്ഷുബ്ധമായി. ഒട്ടു മിക്ക സ്റ്റേറ്റുകൾക്കും ഐ.പി.സി.സ്റ്റേറ്റ് കൗൺസിൽ രൂപീകരിച്ചതോടെ നോർത്തേൺ റീജിയന് ഐ.പി.സി.യുടെ ഭൂപടത്തിൽ ഇടമില്ലാതെയായി മാറി. പാസ്റ്റർ ജേക്കബ് ജോണിന്റെയും പാസ്റ്റർ കെ.സി.ജോണിന്റെയും നേതൃത്വത്തിൽ പുതിയ ഭരണ സമിതി വന്നതോടെ വളരെ ലളിതമായി ഈ പ്രശ്നം പരിഹരിച്ച് തീരുമാനം കൈക്കൊള്ളുകയായിരുന്നു. നോർത്തേ

ശേഷം പേജ് 9

പ്രകൃതിസുന്ദരമായ കൊടൈക്കനാലിൽ അന്തർദേശീയ വിദ്യാർത്ഥികളോടും അധ്യാപകരോടുമൊപ്പം ആത്മീയ അന്തരീക്ഷത്തിൽ 09842224770, 09865265770, 09865270770
"All things work together for good to them that love God"-Romans 8:28
Born to Lead
PARADISE ACADEMY
INDIA'S FOREMOST CHARISMATIC CHRISTIAN INSTITUTION
Kodaikanal Christian College
(Autonomous) Affiliated to Madurai Kamaraj University | Approved by UGC under 12B & 2f Status
www.kcc.edu.in

# വലിയവനാക്കുന്ന സൗമ്യത



അനിൽ ഏബ്രഹാം കൊട്ടാരക്കര
9447605231

**ശീ**ർഷകം അല്പം പഴക്കം ചെന്നതെങ്കിലും കാലഹരണപ്പെടാത്തനല്ലൊരു വികാരം സാമൂഹിക ജീവിതത്തിൽ എത്രയധികം മാറ്റങ്ങൾ വരുത്തുമെന്നത് അനുഭവം. തുടർന്നു വരുന്ന ചില പരാമർശങ്ങൾ പ്രഥമ പുരുഷനിൽ (first person) തന്നെയാണ് എടുത്തെഴുതുന്നത്. മാന്യ വായനക്കാരോട് മുൻകൂർ ക്ഷമാപണം.

***സ്ഥലം:*** ഒരു വലിയ കൺവൻഷൻ ഗ്രൗണ്ട്. വിദേശ മിഷണറിയാണ് മുഖ്യ പ്രസംഗകൻ. എല്ലാ സഭകളിലെയും പ്രതിനിധികളും നേതാക്കളും ഉൾപ്പെടുന്ന സംയുക്ത കമ്മിറ്റിയാണ് സംഘാടകർ.

**സീൻ:1** ഒരു കൺവൻഷൻ പ്രസംഗകനും ഏതോ ഉത്തരേന്ത്യൻ ഗ്രാമത്തിൽ സുവിശേഷ പ്രവർത്തനം നടത്തുന്ന സാധാരണ ഉപദേശിയും തമ്മിൽ സംഭാഷണം. രണ്ടുപേരും ലേഖകന് പരിചയക്കാരായതിനാൽ ആ ഗൗരവ സംഭാഷണം ഒന്നു ശ്രദ്ധിച്ചേക്കാമെന്ന് കരുതി അടുത്തു ചെന്നു.

***പ്രസംഗകൻ:*** "ഞാനാരാണെന്ന് തനിക്ക് അറിയാമോ? എന്നോട് എങ്ങനാ സംസാരിക്കേണ്ടതെന്ന് തനിക്കറിയാമോ?"

ഇത്രയും കേട്ട ഞാനൊന്നു ഞെട്ടി. ഉഗ്രശാസന നൽകുന്ന ഇന്നലെ മിന്നിയ "ഉന്നത ശ്രേഷ്ഠനായ പ്രസംഗകനോട് അന്യനായ" പാവം ഉപദേശി എന്താണാവോ തെറ്റു ചെയ്തത്? പ്രസംഗകന്റേത് പ്രസംഗം പോലെ തന്നെ കത്തിക്കയറുന്ന ശൈലി. പാവം ഉപദേശിയുടെ ടോൺ വളരെ ശാന്തമായതും. സംഭാഷണം അവസാനിച്ചപ്പോൾ ഉപദേശിയുടെ കൈക്ക് കടന്നുപിടിച്ച് കോപകാരണം അന്വേഷിച്ചു.

***കഥ ഇങ്ങനെയാണ്:*** പ്രസംഗകനും സംഘവും ഭാരത പര്യടനം നടത്തുന്ന വേള. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലൂടെ പടയോട്ടം നടത്തി പ്രസംഗകൻ, ഉപദേശിയുടെ പ്രവർത്തന സ്ഥലത്തും എത്തുമെന്ന വാർത്ത കേട്ട് അദ്ദേഹം രണ്ടു മൂന്നു ദിവസം കൺവൻഷൻ നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തു. സ്റ്റേജും, ഗ്രൗണ്ടും പശ്ചാത്തല സൗകര്യങ്ങളുമെല്ലാം ഒരുക്കി. ഗ്രാമത്തിലെ സർപ്പഞ്ചിന്റെയും പോലീസ് അധികാരികളുടെയും അനുവാദമൊക്കെ ഒരു വിധം സംഘടിപ്പിച്ചെടുത്തു. കൺവൻഷൻ ദിനം വന്നണഞ്ഞു. പക്ഷേ വാക്കു പറഞ്ഞ പ്രസംഗകന് മറ്റൊരു വലിയ ഇര കിട്ടിയതു കൊണ്ട് പാവം ഉപദേശിയുടെ ഓഫർ കയ്യൊഴിഞ്ഞു. കടം വാങ്ങിയും പിരിവെടുത്തും കൺവൻഷൻ ഒരുക്കങ്ങൾ നടത്തിയ അദ്ദേഹത്തിനുണ്ടായത് നഷ്ടക്കണക്കുകൾ മാത്രം. നാളുകൾക്ക് ശേഷം ഇരുവരും തമ്മിൽ കണ്ടുമുട്ടിയപ്പോൾ ചതിവിന്റെ കാരണം അന്വേഷിച്ചതിൽ നിന്നുണ്ടായ പ്രതികരണമായിരുന്നു നാട്ടിലെ കൺവൻഷൻ ഗ്രൗണ്ടിന്റെ ഓരത്തുവച്ചു നടന്ന സംഭവം.

**സ്ഥലം 2:** നാട്ടുമ്പുറത്തെ ഒരു പ്രാദേശിക സഭ. സമയം രാവിലെ 11 മണിയോട് അടുക്കുന്ന ഒരു ഞായർ ദിനം.

**സീൻ 2:** സ്ഥലം സഭാ പാസ്റ്റർ സങ്കീർത്തന പ്രസംഗം നടത്തുകയാണ്: "ഞാൻ ദൈവത്തിന്റെ അഭിഷക്തനാണ്. നിങ്ങൾ ഏതു നിലയിലുള്ളവരായാലും എന്നെ അനുസരിക്കണം."

ദാവീദും മോശെയും പൗലോസും പിന്നെ നമ്മുടെ "ശത്രു" വും കർണ്ണകഠോരമായ ശബ്ദഗരിമയിൽ ഉദ്ധരിച്ച് പ്രസംഗം കത്തിക്കയറുകയാണ്. കയറ്റത്തിൽ ഒരിടവേള നൽകി പരസ്പരം വീട്ടുവിശേഷങ്ങൾ അന്വേഷിച്ച വൃദ്ധകളോട്: "ഇത് ദൈവസന്നിധിയാണ്. നിങ്ങളുടെ വീട്ടുവിശേഷങ്ങൾ അന്വേഷിക്കുന്നതിന് ഇത് പാർക്കല്ല." പ്രസംഗത്തിന്റെ മറ്റൊരു വഴിത്തിരിവിൽ നിദ്ര തലോടിയ ഒരു വൃദ്ധനോട്:"വീട്ടിൽ നിന്ന് വരുമ്പോൾ നിങ്ങളൊക്കെ ഒരു കട്ടിൽ കൂടെ കൊണ്ടുവരണം." എവിടെയും ഊർജ്ജസ്വലത കാണിക്കുന്ന യുവാക്കൾക്ക് സഭായോഗത്തിൽ പ്രത്യേക റോളൊന്നുമില്ലാത്തതിനാൽ ഏതെങ്കിലുമൊരു സൈഡ് ബിസിനസിലോ നർമ്മ സംഭാഷണങ്ങളിലോ അവർ ഏർപ്പെട്ടു കൊണ്ടിരിക്കും. ഇത്തരക്കാർക്കും കിട്ടും നല്ല ശകാരം.

***സ്ഥലം ബസ് സ്റ്റാൻഡ്:*** യാത്രാ സൗകര്യങ്ങൾ അത്രമാത്രം ലഭ്യമല്ലാത്ത പഴയൊരു കാലം. നീണ്ട കാത്തിരിപ്പിനൊടുവിൽ ഒരു ബസ് കിതച്ചു കൊണ്ട് ബ്രേക്കിട്ടു നിന്നു. യാത്രക്കാർ അങ്കപ്പുറപ്പാടോടെ വാഹനത്തിന്റെ ഇടുങ്ങിയ വാതിലിനെ ലക്ഷ്യമാക്കി മുമ്പോട്ട് കുതിച്ചു. ഓട്ടത്തിൽ വിരുത് പ്രാപിച്ചവർക്ക് സീറ്റ് കിട്ടി. അല്ലാത്തവർ കമ്പിയിൽ തൂങ്ങിയും സീറ്റിന്റെ കൈപ്പിടിയിൽ അഭയം തേടിയും ഞെങ്ങിഞെരുങ്ങി ദുരിതയാത്ര നടത്തുന്നു. യാത്ര പുരോഗമിക്കവേ ഇസ്തിരിയിട്ട വടിവൊത്ത വട്ടക്കഴുത്തുള്ള വെള്ള ജൂബ്ബായിട്ടയാൾ- ആടോ ഇടയനോ ഏതെന്ന് വ്യക്തമല്ല, എങ്കിലും "വിളിക്കപ്പെട്ട" ഗണത്തിൽപ്പെട്ടയാൾ തന്നെ എന്നുറപ്പ്- ഇദ്ദേഹം മറ്റൊരു യാത്രക്കാരനുമായി ശണ്ഠ കൂടുന്നു. വാഹനം വളവു തിരിഞ്ഞപ്പോൾ ചവിട്ടുകയോ തള്ളുകയോ ചെയ്തതിന്റെ പ്രതികരണമാണ് അങ്കത്തിന്റെ കാരണം.

***സ്ഥലം:*** നാട്ടുമ്പുറത്തെ ഒരു സർക്കാർ ഓഫീസ്. ജീവനക്കാർക്ക് തന്നെ കഷ്ടിച്ച് ഇരിക്കുവാൻ മാത്രം സ്ഥലമുള്ളിടത്ത് ജനബാഹുല്യം.

**സീൻ 3:** ഏതോ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ താമസിച്ചതിലുള്ള രോഷപ്രകടനം നടത്തുന്നവരുടെ കൂട്ടത്തിലും നമ്മുടെ ശുഭ്രവേഷധാരിയുണ്ട്. തന്നോട് തട്ടിക്കയറിയതിന് ഉദ്യോഗസ്ഥന്റെ ചോദ്യം, "നിങ്ങളൊരു പാസ്റ്ററല്ലേ? (ആൾ ഇടയനോ ആടോ ആകാം) കുറേക്കൂടെ മാന്യമായി പെരുമാറിക്കൂടേ?" ഉദ്യോഗസ്ഥന്റെ രണ്ടാമത്തെ ചോദ്യം. ഒടുവിൽ നമ്മുടെയാൾ: "നിന്റെ പണി തെറിപ്പിക്കുവാൻ എനിക്കറിയാം." തുടർന്ന് വാച്യമായും വ്യംഗ്യമായും മലയാളം ശ്രേഷ്ഠഭാഷയാണെന്ന് ബോധ്യപ്പെടുത്തുന്ന സംഭാഷണങ്ങളും.

മേൽച്ചൂണ്ടിക്കാണിച്ച സംഭാഷണങ്ങൾ ഏതെങ്കിലും വ്യക്തിയെ അപഹസിക്കുന്നതിനോ വില കുറച്ചു കാട്ടുന്നതിനോ വേണ്ടിയുള്ളതല്ല. ഇത്തരം സാഹചര്യങ്ങൾ ദൈനംദിന ജീവിതത്തിൽ കണ്ടു വരുന്ന കാഴ്ചകളാണ്. അധികാരം കയ്യാളുന്നവർക്ക് തങ്ങളുടെ മുമ്പിലിരിക്കുന്നവരോട് ഏതു തരത്തിലും പെരുമാറാം എന്ന ചിന്തയുണ്ടല്ലോ. സ്വകാര്യവത്ക്കരണം വന്നതോടെ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ഫ്രണ്ട് ഓഫീസിൽ ചിരിക്കുന്ന മുഖമുള്ള സ്ത്രീയോ പുരുഷനോ ഉപഭോക്താവിനെ എതിരേൽക്കുന്നു. ബാങ്കുകളിൽ, ഇൻഷുറൻസ് ഓഫീസുകളിൽ, ആശുപത്രികളിലൊക്കെ ഇത് സ്ഥിരം കാഴ്ചയാണ്. എന്തിന് സർക്കാർ സ്ഥാപനങ്ങൾ വരെ പബ്ലിക് റിലേഷൻ രീതികൾ മാറ്റി വരികയാണ്. ഇതിനായി ഉദ്യോഗസ്ഥർക്കും പോലീസുകാർക്കും, അധ്യാപകർക്കും, കണ്ടക്ടർമാർക്കുമൊക്കെ ഡിപ്പാർട്ട്മെന്റ് തലത്തിൽ പ്രത്യേക പൊതുജന സമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഉപഭോക്താവിന് മെച്ചപ്പെട്ട സേവനം മാത്രമല്ല, മാന്യമായ പെരുമാറ്റവും നൽകണമെന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. പണ്ടത്തെ കൊമ്പൻമീശ വച്ച ഇടിയൻ പോലീസുകാരൻ ഇന്നില്ല. പൊലീസ് സ്റ്റേഷൻ ജനമൈത്രി കേന്ദ്രങ്ങളാണ്. സദാ സമയവും മഞ്ഞൾ തേച്ച് തടിച്ച ചൂരലുമായി സ്കൂൾ വരാന്തയിൽ നില്ക്കുന്ന ഹെഡ്മാസ്റ്റർമാരും ഇന്നില്ല. അദ്ധ്യാപകന്റെ ഇന്നത്തെ ജോലി വിദ്യാർത്ഥിയുടെ സഹായി എന്ന നിലയിലാണ്.

അധികാരവും നിയന്ത്രണവും നടത്തുന്ന സ്ഥാപനങ്ങളുടെ മുഖച്ഛായ തന്നെ മാറിയിട്ടും നമ്മുടെ സഭാശുശ്രൂഷകരുടെ ശൈലിയിൽ മാറ്റം വരാത്തത് എന്തു കൊണ്ടാണ്? ഇടയന്മാർ, സുവിശേഷകന്മാർ, പ്രവാചകന്മാർ, വേദ അധ്യാപകർ, എന്നിങ്ങനെ പുതിയനിയമത്തിന്റെ ശുശ്രൂഷകരായവർക്കും സഭാതലത്തിൽ പൊതുജന സമ്പർക്ക (Public Relation) പരിശീലനത്തിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ജനങ്ങളുടെ നികുതി പണമാണ് ഉദ്യോഗസ്ഥരുടെ ശമ്പളം. ജനങ്ങളുടെ സേവകരാണ് ഉദ്യോഗസ്ഥർ. അതുപോലെ പൊതു പ്രവർത്തകരും. എപ്പോഴും പുഞ്ചിരിച്ച മുഖമുള്ള (ഉള്ളിലെന്തായാലും) പൊതുപ്രവർത്തകരെയല്ലേ നിരത്തിൽ കാണുന്നത്. നമ്മുടെ സഭാ തലത്തിലെ സ്ഥിതിയെന്താണ്? സ്റ്റേജിലും ജനങ്ങളുടെയിടയിലും വ്യത്യസ്തമായ ജീവിത ശൈലി.

പൗരോഹിത്യം അവസാനിച്ചെന്ന് പ്രസംഗിക്കാറുണ്ടെങ്കിലും സഭാശുശ്രൂഷകരും തിരുമേനി-ഐമേനി വേർതിരിവുകളിൽ വിശ്വസിക്കുന്നവരാണ്. പട്ടത്വത്തിന്റെ വേഷപ്പകർപ്പുകളും ഭാവങ്ങളും അനുകരിക്കുന്നുമുണ്ട്. അതിനാൽ വിശ്വാസികൾ തങ്ങളാൽ ഭരിക്കപ്പെടേണ്ടവരാണെന്ന് ധരിച്ചുവച്ചിരിക്കുന്നു. ജനങ്ങളുടെ പണം കൊണ്ട് ജീവനം കഴിക്കുന്ന ശുശ്രൂഷകർ ജനങ്ങളോട് സൗമ്യമായി പെരുമാറേണ്ടതാണ്. ഒരു വൃദ്ധ ഒരിക്കൽ സഭാ പാസ്റ്ററെ 'ഞങ്ങളുടെ ദാസൻ' എന്ന് സംബോധന ചെയ്തതിനാൽ അവരെ നാവെന്ന ചമ്മട്ടിക്ക് പ്രഹരിച്ചത് ഓർക്കുന്നു.

യേശു കർത്താവ് തന്നെയാണ് പൊതുജന സമ്പർക്കത്തിന്റെ ഉത്തമ മാതൃക. ഒറ്റുകാരനെ വരെ 'സ്നേഹിതാ' എന്ന് സംബോധന ചെയ്ത ഭാഷാ ശൈലി നമ്മുടെ ശുശ്രൂഷകന്മാർ അനുകരിക്കട്ടെ. കർത്താവ് ശിഷ്യന്മാരുടെ പാദം കഴുകിയതും, ശിശുക്കളെ ആശ്ലേഷിച്ചതുമൊക്കെ എത്ര നല്ല മാതൃക. രാജാവായോ, അധികാരിയായോ, ഭൂമിയിൽ അവതരിക്കാമായിരുന്ന ദൈവപുത്രൻ ദാസനായി അവതരിച്ചതും മനുഷ്യപുത്രനെന്ന് സ്വയം വിശേഷിപ്പിച്ചതും എത്ര ശ്രേഷ്ഠം. അതേ സമയം അനീതിയോട് പരുഷ ഭാഷയിൽ കലഹിച്ചതും ദേവാലയത്തെ വാണിജ്യവത്ക്കരിച്ചവരെ ചാട്ടാവാർ കൊണ്ട് കൈകാര്യം ചെയ്തതും വിസ്മരിക്കുന്നില്ല. എന്നാൽ രോമം കത്രിക്കുന്നവരുടെയിടയിൽ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനേപ്പോലെ സൗമ്യസ്വഭാവവും അടിക്കുന്നവർക്ക് മുഖവും കാട്ടിക്കൊടുക്കുന്ന വിനയവും നല്ല ഇടയന്റെ ശൈലിയാണ്. അനുസരണം കെട്ട യിസ്രായേല്യരോട് കോപിക്കുകയും ചെയ്തെങ്കിലും മോശെയുടെ സൗമ്യതയത്രേ തന്നെ വലിയവനാക്കിയത്.

***സ്ഥലം: മറ്റൊരു സർക്കാർ ഓഫീസ്***

***സീൻ 4:*** പതിവു പോലെ തിരക്കുള്ള ഒരു ദിവസം അപേക്ഷകനോട് ഉദ്യോഗസ്ഥൻ അപേക്ഷയോടൊപ്പം ചില അനുബന്ധരേഖകൾ ആവശ്യപ്പെടുന്നു. വൃദ്ധനായ അപേക്ഷകനും ഉദ്യോഗസ്ഥനും തമ്മിൽ പൊരിഞ്ഞ വാക്കേറ്റം. രംഗം ശാന്തമാക്കുവാൻ ചില ഉദ്യോഗസ്ഥരും മറ്റുള്ളവരും ശ്രമിക്കുന്നു. നിഷ്ഫലം. ഒടുവിൽ ഓഫീസ് മേധാവി പ്രശ്നത്തിൽ ഇടപെടുന്നു. ''അപ്പച്ചൻ ഇങ്ങു വന്നാട്ടെ" അദ്ദേഹം വിളിച്ചു. വൃദ്ധനിൽ ഒരു മാറ്റവുമില്ല. ഉദ്ധരണി ആവർത്തിക്കുന്നു. ''അപ്പച്ചന്റെ മോനല്ലേ വിളിക്കുന്നത്" ആഫീസ് മേധാവിയുടെ സെന്റിമെന്റലിൽ അപ്പച്ചൻ വീഴുന്നു. വൃദ്ധൻ ഫ്ളാറ്റ്. ആഫീസ് മേധാവി വൃദ്ധനെ ആശ്ലേഷിക്കുന്നു. പിന്നെ അടക്കിപ്പിടിച്ച കുറേ സംഭാഷണങ്ങൾ. വൃദ്ധൻ രേഖകളുമായി മടങ്ങിവരാമെന്ന് പറഞ്ഞ് പടിയിറങ്ങുന്നു.

രംഗം ശാന്തം, ശുഭാന്ത്യം.


## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം,
പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

## PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

## ADMISSION BOOKING STARTED



2014-15 അദ്ധ്യയനവർഷത്തിലേക്കുള്ള MD, MS, MDS, MBBS, BDS, Pharm D., Engg., Nursing തുടങ്ങിയ കോഴ്സുകളിലേക്കുള്ള അഡ്വാൻസ് ബുക്കിങ് ആരംഭിച്ചിരിക്കുന്നു. മംഗലാപുരം, ബാംഗ്ലൂർ, ചെന്നൈ, കോയമ്പത്തൂർ എന്നിവടങ്ങളിലെ പ്രശസ്തമായ കോളജുകളിൽ ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക് വളരെ മിതമായ ഫീസിൽ അഡ്മിഷൻ ലഭിക്കുന്നതാണ്.

CALL @ 9947963438 9847170530

കരിയർ കൗൺസിലിംഗ് സെമിനാറുകൾ സംഘടിപ്പിക്കുവാൻ ബന്ധപ്പെടുക

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

CAREER CONSULTANT
SIBI THOMAS
PYPA Kottayam
Zonal President



AMPRAYIL BLDGS, YMCA JN.,T.K. ROAD
THIRUVALLA PH 0469-2620999, 2606002

യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# പെന്തെക്കോസ്ത്

# നന്മയുടെ തറവാട്

## വേർപാട് നൽകിയ വ്യക്തിത്വം



**കേ**രളത്തിലെ പെന്തെക്കോസ്ത് സഭകൾ ഈ സമൂഹത്തിന് എന്ത് സംഭാവനയാണ് നൽകിയത്? ഉപരിപ്ലവമായ ഇളക്കങ്ങളും വികാരപരമായ ആത്മീയതയുമല്ലാതെ പെന്തെക്കോസ്തിന് ചൂണ്ടിക്കാണിക്കുവാൻ കാമ്പും കഴമ്പുമുള്ള എന്ത് നന്മയാണുള്ളത്? ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടുവാനുള്ള പരിശ്രമമാണ് ഈ പരമ്പര.

രാഷ്ട്രീയ രംഗത്തോ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിലോ കാര്യമായ ഇടപെടലുകൾ നടത്താനോ എടുത്തു പറയത്തക്ക ഒരാളെയെങ്കിലും ചൂണ്ടിക്കാണിക്കുവാനോ പെന്തെക്കോസ്തിന് സാധിച്ചിട്ടില്ല. ഒരു നൂറ്റാണ്ട് മുമ്പുമാത്രം ആരംഭിച്ചതും വളർച്ചയുടെ ഒന്നാം ഘട്ടത്തിൽ മാത്രം നിൽക്കുകയും ചെയ്യുന്ന ഒരു ആത്മീയ സമൂഹത്തെ ഈ നിലയിൽ വിലയിരുത്തുന്നതിൽ അനൗചിത്യമുണ്ടെന്ന് ആദ്യമേ ഓർമ്മിപ്പിക്കട്ടെ.

മലയാളി പെന്തെക്കോസ്തിന്റെ ആദ്യത്തെ അമ്പത് വർഷങ്ങൾ നിലനിൽപ്പിന് വേണ്ടിയുള്ള പരിശ്രമങ്ങളുടേതായിരുന്നു. (പോരാട്ടം എന്നു തുടങ്ങിയ വാക്കുകൾ മനഃപൂർവ്വം ഒഴിവാക്കുന്നു). വ്യവസ്ഥാപിത സഭകളിൽ നിന്നും സമൂഹങ്ങളിൽ നിന്നും നിരന്തരം നേരിട്ട ശക്തമായ എതിർപ്പുകളെ സഹനം കൊണ്ട് അതിജീവിക്കുകയായിരുന്നു.

വിശ്വാസ സംരക്ഷണം, വിശ്വാസ പ്രചരണം എന്നീ രണ്ടേ രണ്ടു കാര്യങ്ങൾ മാത്രമായിരുന്നു പെന്തെക്കോസ്തർ ലക്ഷ്യബോധത്തോടെ ഏറ്റെടുത്തത്. അത് അങ്ങേയറ്റം ആത്മാർത്ഥതയോടെ നടപ്പിലാക്കി. അതിനാൽ തന്നെ സമൂഹത്തിന്റെ മറ്റ് മേഖലകളിൽ നിന്ന് ബോധപൂർവ്വം 'വേർപാട്' പാലിക്കുവാൻ പെന്തെക്കോസ്തർ നിർബ്ബന്ധിതരായി.

കാലക്രമേണ വേർപാട് ഒരു ജീവിതക്രമമായി മാറി. ഉപദേശമായി മാറി. വേർപാട് എന്നത് ബ്രദറൺ ആശയമാണെങ്കിലും അതിനെ ആഴത്തിൽ ഉൾക്കൊണ്ട് ഏറ്റെടുത്തത് പെന്തെക്കോസ്ത് സമൂഹമാണ്.

എന്റെ അഭിപ്രായത്തിൽ പെന്തെക്കോസ്തിന്റെ എടുത്തു പറയേണ്ടുന്ന നന്മകളിൽ ആദ്യത്തേത് "വേർപാടാണ്". പെന്തെക്കോസ്തിനെ വെറുമൊരു ആശയമെന്നതിനപ്പുറം മനുഷ്യജീവിതത്തെ സമൂലമായി രൂപാന്തരപ്പെടുത്തുന്ന ജീവിതക്രമമാക്കി മാറ്റിയത് ഈ വേർപാടാണ്. ഈ വേർപാട് തന്നെയാണ് ഇതര മത-ക്രൈസ്തവ സമൂഹങ്ങൾക്കും പെന്തെക്കോസ്തിനോടുള്ള അകൽച്ചക്ക് കാരണം.

വിശുദ്ധജീവിതം എന്ന ആത്മീയ ലക്ഷ്യത്തിന് വേണ്ടി വേർപാടെന്ന ഭൗതീക മാർഗ്ഗം തിരഞ്ഞെടുത്തു. എല്ലാ സാമൂഹ്യ തിന്മകളിൽ നിന്നും പാപജീവിതത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസി മാറി നിന്നത് ഈ വേർപാടിന്റെ ഭാഗമായുണ്ടായ സമൂല രൂപാന്തരമായിരുന്നു. ഒരു പുതിയ ജീവിതക്രമം തന്നെ സ്ഥാപിക്കപ്പെട്ടു. കാലത്തിന്റെ ഒഴുക്കിൽ വേർപാടിന്റെ വരമ്പുകൾ മാഞ്ഞുതുടങ്ങിയെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടു തന്നെ പറയട്ടെ വേർപാടാണ് പെന്തെക്കോസ്തിന്റെ വ്യക്തിത്വം.

വേർപാടിന്റെ ഭാഗമായി പെന്തെക്കോസ്ത് വിശ്വാസികൾ തങ്ങൾ വിട്ടുപോന്ന മത-സമുദായങ്ങളുടെ സകല ആരാധനാരീതികളും ഉപേക്ഷിക്കുകയും അവയുമായി എല്ലാക്കാലത്തും വേർപാട് പാലിക്കുകയും ചെയ്യുന്നു. അതോടൊപ്പം വിട്ടുപോന്ന സമൂഹങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വേണ്ടെന്നുവച്ചു. തികച്ചും വ്യത്യസ്തമായൊരു ജീവിതക്രമം സൃഷ്ടിച്ചു. ഈ വേർപാട് ചിലപ്പോഴൊക്കെ കുടുംബബന്ധങ്ങളുടെ കെട്ടുകൾ പോലും പൊട്ടിച്ചുള്ള തീവ്രമായ വേർപാടായി മാറി. ചുറ്റുമുള്ളവർക്ക് ഉൾക്കൊള്ളാനാവാത്ത ഈ തീവ്രനിലപാടു തന്നെയാണ് പെന്തെക്കോസ്തിനെ വ്യത്യസ്തമാക്കുന്നത്.

സാമൂഹ്യ തിന്മകളായ മദ്യപാനം, പുകവലി, ലഹരി ഉപയോഗങ്ങൾ, എന്നിവയോട് അകലം പാലിച്ചതു കൂടാതെ പൊതുസമൂഹം തിന്മയായി കാണാത്ത സിനിമ, നാടകം, നൃത്തം, കായിക മത്സരങ്ങൾ, തുടങ്ങിയവയോടും പെന്തെക്കോസ്തർ വേർപാട് പാലിച്ചു. രാഷ്ട്രീയ പ്രവർത്തനം, സമരങ്ങൾ, ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ എന്നിവയോടും വേർപാടിന്റെ പേരിൽ പെന്തെക്കോസ്ത് അകലം പാലിച്ചു. മരുന്ന് ഉപയോഗിക്കാതിരിക്കുക, ആഭരണം ധരിക്കാതിരിക്കുക തുടങ്ങിയവയും പെന്തെക്കോസ്തിന്റെ വേർപാടുകളിൽ മുഖ്യസ്ഥാനം നേടി. ഇവയിൽ കായിക മത്സരങ്ങൾ, രാഷ്ട്രീയ പ്രവർത്തനം. സിനിമ തുടങ്ങിയവയും മരുന്ന് ഉപയോഗിക്കുന്നത് മുതലായവയും കാലക്രമേണ വേർപാടിന്റെ ഭാഗമല്ലാതായി മാറി. പക്ഷേ ഇന്നും മദ്യപാനം പോലെയുള്ള സാമൂഹിക തിന്മകൾ ഒരുവിധത്തിലും ഉൾക്കൊള്ളുവാൻ പെന്തെക്കോസ്ത് ഒരു സമൂഹമെന്ന നിലയിൽ തയ്യാറായിട്ടില്ലെന്നത് പെന്തെക്കോസ്തിന്റെ നന്മയാണ്. വേർപാടിന്റെ പേരിൽ ചികിത്സ വേണ്ടെന്ന് വച്ചതുപോലെയുള്ള അമിത ഭാരങ്ങൾ പലതും ഉണ്ടായിരുന്നെങ്കിലും 'വേർപാട്' പെന്തെക്കോസ്തിന്റെ ഐഡന്റിറ്റിയായിരുന്നു. ഇന്നത് നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്നത് ദുഃഖകരമാണ്.

മദ്യപാനം എന്ന സാമൂഹിക വിപ്ലവത്തിനെതിരെ പെന്തെക്കോസ്തിനോളം ശക്തവും ഫലകരവുമായ പ്രതിരോധം സൃഷ്ടിച്ച മറ്റൊരു സമൂഹവും കേരളത്തിലില്ല. 'ചെത്തരുത്, കുടിക്കരുത്, കൊടുക്കരുത്' എന്നുപദേശിച്ച നാരായണഗുരുവിന്റെ പിന്തുടർച്ചക്കാരാണ് കേരളത്തിലെ മദ്യവില്പനയുടെ മുൻനിരക്കാർ. "മദ്യപാനി സ്വർഗരാജ്യം അവകാശമാക്കുകയില്ലന്ന്" പഠിപ്പിക്കുന്ന ക്രൈസ്തവ സഭകളുടെ കുഞ്ഞാടുകൾ തന്നെയാണ് ക്രിസ്തുമസിനും ഈസ്റ്ററിനും കേരളത്തെ കള്ളിൽ കുളിപ്പിക്കുന്നത്. ആ സ്ഥാനത്താണ് പെന്തെക്കോസ്ത് സമൂഹം മദ്യത്തിനെതിരെ വിജയകരമായ പ്രതിരോധം തീർത്തത്.

തിരുവല്ലാ പട്ടണത്തിലേക്ക് പ്രവേശിക്കുന്ന രാമൻചിറയിൽ ഒരു ചെറിയ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സ്ഥാപിച്ചിരിക്കുന്ന ബോർഡിൽ മദ്യപാനത്തിനെതിരെയുള്ള ബോധവത്ക്കരണമാണുള്ളത്. കേരള സർക്കാരിന്റെ പ്രധാന വരുമാനങ്ങളിലൊന്നാണ് മദ്യവില്പന. അത് നടത്തി ലാഭം കൊയ്യുന്ന ബോർഡ് എന്തിനാണിങ്ങനെയൊരു പരസ്യം സ്ഥാപിച്ചിരിക്കുന്നത്? 'വേശ്യയുടെ ചാരിത്ര്യ പ്രസംഗം' എന്ന ചൊല്ലിന്റെ ബെസ്റ്റ് ഉദാഹരണം.

മദ്യനിരോധനത്തിന് ഗാന്ധിജി തൊട്ട് മന്മഥൻ സാർ വരെയുള്ള മദ്യവർജ്ജനക്കാരും കേരള സർക്കാരും നാളിതുവരെ നടത്തിയ പോരാട്ടങ്ങൾ കൊണ്ടോ മുടക്കിയ പണം കൊണ്ടോ എത്രപേർ മദ്യപാനം ഉപേക്ഷിച്ചു? കൃത്യമായ കണക്കുകൾ ഒന്നുമില്ലെന്നറിയാം. എങ്കിലും ഒരു കാര്യം ഉറപ്പിച്ചു പറയട്ടെ: സർക്കാരും മദ്യവർജ്ജനക്കാരും കൂടെ പരിശ്രമിച്ചിട്ട് മദ്യപാനം ഉപേക്ഷിച്ചതിന്റെ പതിനായിരം മടങ്ങ് ആളുകളെ മദ്യപാനത്തിന്റെ പിടിയിൽ നിന്ന് രക്ഷിക്കുവാൻ പെന്തെക്കോസ്തിന് സാധിച്ചു. തദ്വാരാ ലക്ഷക്കണക്കിന് കുടുംബങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിച്ചു. പെന്തെക്കോസ്ത് സഭകൾ കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന മദ്യപാനവും അനുബന്ധ അരക്ഷിതാവസ്ഥയും ഇല്ലാത്ത ലക്ഷക്കണക്കിന് കുടുംബങ്ങളാണ്.

മദ്യപിക്കുന്നവരെ സഭയിൽ നിന്ന് പുറത്താക്കുമെന്ന് ക്രൈസ്തവ സഭകൾ തീരുമാനമെടുത്താൽ അച്ചന്മാരെയും ബിഷപ്പുമാരെയുമുൾപ്പെടെ പുറത്താക്കേണ്ടുന്ന ഗതികേടാണ് മിക്ക സഭകളുടേതും. ആ സ്ഥാനത്താണ് പെന്തെക്കോസ്ത് ഒരു സമൂഹം എന്ന നിലയിൽ മദ്യപാനത്തിൽ നിന്ന് വേർപാട് പാലിച്ചത്. സമൂഹത്തിന് നൽകിയ ക്രിയാത്മക സംഭാവനകളുടെ പേരിൽ അവാർഡ് നൽകുവാനോ ആദരിക്കുവാനോ ഏതെങ്കിലും ഏജൻസി തയ്യാറായാൽ മദ്യവർജ്ജനത്തിലൂടെ ലക്ഷക്കണക്കിന് കുടുംബങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിച്ചതിന് പെന്തെക്കോസ്ത് സഭ ഒന്നാം സ്ഥാനത്ത് പരിഗണിക്കപ്പെടണം. മദ്യപാനം, പുകയില ഉപയോഗം എന്നിവക്കെതിരെയുള്ള പ്രചരണത്തിന് ഗവൺമെന്റ് മുടക്കുന്ന പണത്തിന്റെ ഒരു പങ്കെങ്കിലും പെന്തെക്കോസ്തുകാർക്ക് നൽകേണ്ടതാണ്.

മദ്യപാനാസക്തിയിൽ നിന്ന് ലക്ഷക്കണക്കിന് കുടുംബങ്ങൾ പെന്തെക്കോസ്തിലൂടെ രക്ഷ പ്രാപിച്ചു. ഒപ്പം ഈ കുടുംബങ്ങളുടെയെല്ലാം സാമ്പത്തിക നിലയിലുണ്ടായ പുരോഗതിയും കാണാതിരിക്കരുത്. പെന്തെക്കോസ്തിൽ വന്നിട്ട് കുടുംബങ്ങൾ മുടിഞ്ഞു പോകാത്തതിന്റെ കാരണങ്ങളിലൊന്ന് മദ്യപാന ധൂർത്തിന് പണം പാഴാകുന്നില്ലെന്നതാണ്. ലക്ഷക്കണക്കിന് മലയാളി കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ ഉറപ്പിച്ചത് പെന്തെക്കോസ്താണെന്ന് ഉറപ്പിച്ചു പറയാം.

ആഭരണവർജ്ജനം പുതിയനിയമ സഭയുടെ വേദപുസ്തക അടിസ്ഥാനത്തിലുള്ള ഉപദേശമല്ല എന്നും ആഭരണ വർജ്ജനം ഉപദേശമെന്ന നിലയിൽ സ്വീകരിച്ചില്ലായിരുന്നെങ്കിൽ സഭാ വളർച്ചയുടെ ചിത്രം മറ്റൊന്നാകുമായിരുന്നെന്നും വിശ്വസിക്കുന്ന ആളാണ് ഞാൻ. പെന്തെക്കോസ്തിന് പറ്റിയ മണ്ടത്തരങ്ങളിൽ ഒന്നായി ഞാനിതിനെ ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. എന്നാൽ ബാഹ്യവിശുദ്ധിയുടെ ഭാഗമായി പെന്തെക്കോസ്ത് സമൂഹം കർശനമായി നടപ്പിലാക്കിയ നിരാഭരണത്വം ഒരർത്ഥത്തിൽ മഹത്തായ ഒരു മാതൃകയും നന്മയുമായി പരിഗണിക്കപ്പെടണം. സ്വർണ്ണഭ്രമം എത്രയോ മലയാളി കുടുംബങ്ങളെ വലച്ചുകൊണ്ടിരിക്കുന്നു എന്നതുകൂടെ പരിഗണിക്കുമ്പോൾ വേർപാടിന്റെ പേരിൽ പെന്തെക്കോസ്തർ ആഭരണം വേണ്ടെന്ന് വച്ചത് ആത്യന്തികമായി ഈ സമൂഹത്തിന്റെ തനിമയും നന്മയുമാണെന്ന് പറയാതെ വയ്യ.

**എന്റെ അഭിപ്രായത്തിൽ പെന്തെക്കോസ്തിന്റെ എടുത്തു പറയേണ്ടുന്ന നന്മകളിൽ ആദ്യത്തേത് "വേർപാടാണ്". പെന്തെക്കോസ്തിനെ വെറുമൊരു ആശയമെന്നതിനപ്പുറം മനുഷ്യജീവിതത്തെ സമൂലമായി രൂപാന്തരപ്പെടുത്തുന്ന ജീവിതക്രമമാക്കി മാറ്റിയത് ഈ വേർപാടാണ്. ഈ വേർപാട് തന്നെയാണ് ഇതര മത-ക്രൈസ്തവ സമൂഹങ്ങൾക്കും പെന്തെക്കോസ്തിനോടുള്ള അകൽച്ചക്ക് കാരണം.**

# ഐ.പി.സി കുവൈറ്റ് റീജിയന് പുതിയ നേതൃത്വം








*പാസ്റ്റർ സണ്ണി അലക്സാണ്ടർ (പ്രസിഡന്റ്), പാസ്റ്റർ പി.യു. ബെന്നി (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഐസക് വർഗീസ് (സെക്രട്ടറി), പാസ്റ്റർ ജയരാജ് എം, ബ്രദർ ജോസ് കെ. വർഗീസ് (ജോ. സെക്രട്ടറിമാർ), റജി ടി. സഖറിയ (ട്രഷറാർ),*

അബ്ബാസിയ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കുവൈറ്റ് റീജിയൻ ഭാരവാഹികളായി പാസ്റ്റർ സണ്ണി അലക്സാണ്ടർ (പ്രസിഡന്റ്), പാസ്റ്റർ പി.യു. ബെന്നി (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഐസക് വർഗീസ് (സെക്രട്ടറി), പാസ്റ്റർ ജയരാജ് എം, ബ്രദർ ജോസ് കെ. വർഗീസ് (ജോ. സെക്രട്ടറിമാർ), റജി ടി. സഖറിയ (ട്രഷറാർ), ജേക്കബ് മാമ്മൻ (ഓഡിറ്റർ) എന്നിവരെ തെരഞ്ഞെടുത്തു. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സണ്ണി അലക്സാണ്ടർ ഐപിസി-പിസികെയുടെ ശുശ്രൂഷകനാണ്. അടൂർ വയല സ്വദേശിയായ ഇദ്ദേഹം ഇന്ത്യയിലും വിദേശത്തുമായി നിരവധി സഭകളിൽ ശുശ്രൂഷകനായിരുന്നിട്ടുണ്ട്.

സെപ്റ്റംബർ 18ന് അബ്ബാസിയാ ഐ.പിസി പ്രയർ സെന്ററിൽ നടന്ന റീജിയൻ ജനറൽ ബോഡി യോഗമാണ് അടുത്ത മൂന്ന് വർഷത്തേക്കുള്ള കൗൺസിലിനെ തെരഞ്ഞെടുത്തത്. പാസ്റ്റർ സണ്ണി അലക്സാണ്ടർ അധ്യക്ഷത വഹിച്ചു. സണ്ടേസ്കൂൾ-പിവൈപിഎ ജോയിന്റ് കൗൺസിൽ രക്ഷാധികാരിയായും, റീജിയന്റെ വാർത്താ പത്രികയായ ഡസർട്ട് ഹെറാൾ ഡിന്റെ ചീഫ് എഡിറ്ററായും പാസ്റ്റർ റജി മൂലേടം പ്രവർത്തിക്കും. ജനറൽ കൗൺസിൽ അംഗങ്ങളായി പാസ്റ്റർ ഏബ്രഹാം ജോർജ്, ജേക്കബ് തോമസ് എന്നിവരെയും തെരഞ്ഞടുത്തു.

2004-ൽ രൂപീകൃതമായ കുവൈറ്റ് റീജിയനിൽ ഒരു തെലുങ്ക് സഭ അടക്കം ഏഴ് സഭകളും നൂറ് കണക്കിന് വിശ്വാസികളും ഉണ്ട്. റീജിയനിലെ സഭകളുടെ ഈ വർഷത്തെ സംയുക്ത ആരാധന ഡിസംബർ 20ന് നടക്കും.

## സെന്റർ കൺവൻഷൻ

തിരുവനന്തപുരം: ഐ.പി.സി. തിരുവനന്തപുരം നോർത്ത് സെന്റർ വാർഷിക കൺവൻഷൻ ജനുവരി 9-12 വരെ അഞ്ചുതെങ്ങ് ഐ.പി.സി. ബേർ ശേബ സഭയിൽ നടക്കും. സെന്റർ പാസ്റ്റർ റ്റി.സി.ജോഷ്വാ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ അജി ആന്റണി, കെ.ജോയി, കെ.കെ. ചെറിയാൻ, നെൽസൺ ജോഷ്വാ, ജേക്കബ് ജോൺ എന്നിവർ പ്രസംഗിക്കും. പാസ്റ്റർമാരായ ഐസക് ജോൺ, വി.എസ്.ലോറൻസ് എന്നിവർ നേതൃത്വം നൽകും.

# ഐ.പി.എഫ്. ഇൻസൈറ്റ് മേള

കോഴിക്കോട്: ജില്ലയിലെ പെന്തെക്കോസ്ത് സഭാ ജനങ്ങളുടെ സംഘടനയായ ഇന്റൻസിവ് പ്രെയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഇൻസൈറ്റ് താലന്ത് പരിശോധനയിൽ ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ഓവറോൾ ട്രോഫി സ്വന്തമാക്കി. അസംബ്ലീസ് ഓഫ് ഗോഡ് റണ്ണർ അപ്പായി. ഇതോടനുബന്ധിച്ച് നടത്തിയ ബൈബിൾ ക്വിസ് മത്സരത്തിൽ അസംബ്ലീസ് ഓഫ് ഗോഡ് ഒന്നാം സ്ഥാനവും, ഐ.പി.സി.കോവൂർ രണ്ടാം സ്ഥാനവും നേടി. പാസ്റ്റർ ബിനു പി. ജോർജ്ജ്, പാസ്റ്റർ എൻ.സി.ജോസഫ്, പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ, പാസ്റ്റർ പി.എം.ജോൺ, ഡോ. രാജൻ ജി.ബാബു, പാസ്റ്റർ ഷാജി സിസിൽ എം, എം.ഡേവിഡ് മാത്യു, വിവി.അബ്രഹാം, റോയ് മാത്യു ചീരൻ, സുരേഷ് ചാൾസ്, കെസി. വർഗീസ് എന്നിവർ പ്രസംഗിച്ചു.

## വാളകം കൺവൻഷൻ

വാളകം: ഐ.പി.സി.വാളകം സെന്ററിന്റെ 85-ാമത് കൺവൻഷൻ ജനുവരി 7-12 വരെ ഹെബ്രോൻ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർമാരായ കെ.ജോയി, വർഗീസ് ഏബ്രഹാം, വിത്സൻ ജോസഫ്, തോമസ് മുല്ലക്കര, വത്സൻ ഏബ്രഹാം, സണ്ണി കുര്യൻ, സാം ജോർജ്ജ് എന്നിവർ പ്രസംഗിക്കും.

# ഹ്യൂസ്റ്റൺ ഐ.പി.സി.ഫെലോഷിപ്പ് കൺവൻഷൻ

ഹ്യൂസ്റ്റൺ: ഐ.പി.സി.ഫെലോഷിപ്പ് ഓഫ് ഹൂസ്റ്റൺ വാർഷിക കൺവൻഷൻ ഐ.പി.സി.ഹെബ്രോനിൽ (4660 South San Houston Pkwy E) നവംബർ 29-30 വരെ നടന്നു. റവ.സാം വർഗീസ് ഓക്കലഹോമ മുഖ്യപ്രസംഗകനായിരിരുന്നു. ഹ്യൂസ്റ്റണിലെ ഐ.പി.സി.സഭകളുടെ സംയുക്തവേദിയാണ് ഐ.പി.സി. ഫെലോഷിപ്പ് ഓഫ് ഹൂസ്റ്റൺ. ഈ ഫെലോഷിപ്പ് ഇപ്പോൾ തിരുവല്ലാ മലയിൽ അഞ്ച് മിഷൻ സ്റ്റേഷനുകളെ സഹായിക്കുന്നു. പാസ്റ്റർ ഷാജി ഡാനിയേൽ പ്രസിഡന്റായും കെ.കെ. കുരുവിള സെക്രട്ടറിയായും, ബേബി ചാക്കോ ട്രഷറാറായും, വെസ്ലി ആലുംമൂട്ടിൽ യൂത്ത് കോർഡിനേറ്ററായും നേതൃത്വം നൽകി.

# The Christmas Book Fair




## 1st to 31st December 2013

## Upto 70% Discount

Many varieties of Bible – Bible commentaries – Reference books – Biographies
Spiritual hymns – Christian Music store – Tshirts – Gifts and much more...

only at
## Sathyam Publications Thiruvalla

·CELEBRATING 25 YEARS·
SATHYAM PUBLICATIONS
SOULS THROUGH GOD'S WORD

Thottabhagom P.O., TK Road, Manakkachira,
Thiruvalla - 689 541, Kerala, India
Tel # 0469 2619657, 2619205
Mob # +91 9446026182, 9446513555
sales@sathyam.org

Call a book 0469 2619657 | 9AM to 8PM (Mon-Sat) | 1800 425 1211

# കൃപ അപകടത്തിന്റെ സുവിശേഷം?



തോമസ് മുല്ലക്കൽ



**ജോ**സഫ് പ്രിൻസിന്റെ നേതൃത്വത്തിൽ 1983-ലാണ് ന്യൂ ക്രിയേഷൻ സഭ സിംഗപ്പൂരിൽ സ്ഥാപിതമാകുന്നത്. 1990-ൽ സഭാംഗങ്ങളുടെ എണ്ണം കേവലം 15 മാത്രമായിരുന്നു. ജോസഫ് പ്രിൻസ് സഭയുടെ സീനിയർ പാസ്റ്ററായതോട് കൂടി സഭാംഗങ്ങളുടെ എണ്ണം 3000 ആയി. 2011 ആയപ്പോഴേക്കും 22,000 ആയി വർദ്ധിച്ചു പെരുകിയ സഭ ഇന്ന് ഏകദേശം 30,000 അംഗങ്ങളുള്ള സഭയായി വളർന്നു.

സഭയുടെ വളർച്ചക്കൊപ്പം പ്രിൻസിന്റെ പ്രസംഗങ്ങളും ഉപദേശങ്ങളും ലോകവ്യാപകമായി പ്രചരിക്കുവാൻ തുടങ്ങി. അവ ചർച്ച ചെയ്യപ്പെടുവാനും വിമർശിക്കപ്പെടുവാനും ആരംഭിച്ചു. റാഡിക്കൽ ഗ്രേസ് (Radical Grace) എന്ന തന്റെ ആശയമാണ് പ്രിൻസിനെ പ്രശസ്തിയിലേക്ക് ഉയർത്തിയത് എന്നതിന് സംശയമില്ല. റാഡിക്കൽ ഗ്രെയ്സിനെ 'സമൂല ദൈവകൃപ'യെന്ന് വേണമെങ്കിൽ മലയാളീകരിക്കാം.

വിശ്വാസ വാക്കുകൾ ഉരുവിടുന്ന (Word of Faith) ആശയഗതി പ്രചരിപ്പിക്കുന്നവരുടെ കൂട്ടത്തിൽ ജോസഫ് പ്രിൻസുമുണ്ടായിരുന്നു. കെന്നത്ത് ഇ.ഹാഗിനാണ് വേർഡ് ഓഫ് ഫെയ്ത്ത് എന്ന ആശയം ആദ്യമായി പ്രചരിപ്പിച്ചത്. ന്യൂ ജനറേഷൻ സഭകൾ വ്യാപകമായ കാലത്ത് വേർഡ് ഓഫ് ഫെയ്ത്തിനും നമ്മുടെയിടയിൽ പ്രചാരം ലഭിച്ചു. ഇതിനുദാഹരണമായി പറഞ്ഞാൽ, നിങ്ങളൊരു രോഗിയാണെങ്കിലും, നിങ്ങൾ രോഗിയാണ് എന്ന് പറയരുത്! മറിച്ച് 'എനിക്ക് രോഗമില്ല, യേശു എന്നെ സൗഖ്യമാക്കി' എന്ന് പോസിറ്റീവായി പറയുകയും ചിന്തിക്കുകയും ചെയ്യു; എങ്കിൽ അങ്ങനെ സംഭവിക്കും. ഇതിനെ വിശ്വാസത്തിന്റെ അഭ്യാസം (Faith excercise) എന്നും പറയാറുണ്ട്. വേർഡ് ഓഫ് ഫെയ്ത്ത് സ്ഥാപകൻ കെന്നത്ത് ഹാഗിന്റെ സ്വാധീനം തന്നിലുണ്ടായിരുന്നുവെന്ന് പ്രിൻസിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

ഇപ്പോഴും ഇത്തരം കാര്യങ്ങളൊക്കെ പ്രിൻസ് തന്റെ യോഗങ്ങളിൽ ചെയ്യാറുണ്ടെങ്കിലും ഇത്തരമൊരു ആശയമല്ല തന്റെ 'സമൂല കൃപ' എന്ന ആശയത്തിന്റെ പിന്നിലുള്ളതെന്നും, മറിച്ച് 1997-ൽ ദൈവം തന്നോട് നേരിട്ട് സംസാരിച്ചതാണെന്നും ജോസഫ് പ്രിൻസ് അവകാശപ്പെടുന്നു. സമൂലകൃപയെപ്പറ്റി സഭയിൽ പഠിപ്പിച്ചില്ലെങ്കിൽ ജനത്തിന് സമൂല അനുഗ്രഹങ്ങളും സമൂല അഭിവൃദ്ധിയും ഉണ്ടാകില്ലെന്നാണ് ദൈവം പറഞ്ഞതെന്നും അദ്ദേഹം പറയുന്നു.

എന്താണ് ജോസഫ് പ്രിൻസിന്റെ പഠിപ്പിക്കലുകളെന്നറിയുവാൻ തന്റെ ദീർഘനാളത്തെ പ്രസംഗങ്ങളുടെ സംക്ഷിപ്തരൂപമെന്ന് താൻ പറഞ്ഞിട്ടുള്ള Destined to Reign (വാഴുവാനായി ലക്ഷ്യമിട്ടവർ) എന്ന പുസ്തകം വായിച്ചാൽ മതി.

ന്യായപ്രമാണവും കൃപയുമൊക്കെ കൂട്ടിക്കലർത്തിയുള്ള ഉപദേശമാണ് പെന്തെക്കോസ്ത് സഭകളുൾപ്പെടെയുള്ള ആത്മപ്രാമുഖ്യ സഭകൾ പിന്തുടരുന്നത്. ഇതിൽ ന്യായപ്രമാണത്തിന്റെ ബന്ധനത്തിൽ കുരുങ്ങിക്കിടക്കുന്നവരെ പൂർണ്ണമായും കൃപയുടെ സ്വാതന്ത്ര്യത്തിലേക്ക് മോചിപ്പിക്കുവാൻ ദൈവം തിരഞ്ഞെടുത്തിരിക്കുന്ന വിമോചകന്റെ റോളാണ് ജോസഫ് പ്രിൻസ് എടുത്തിരിക്കുന്നത്.

The secret to effortlss success wholeness and victorious living, unmeritted favour തുടങ്ങിയ പുസ്തകങ്ങളിലെ ആശയപ്രതിധ്വനിയും സമൂലകൃപയിൽ അടിസ്ഥാനപ്പെട്ടാണ് രചിക്കപ്പെട്ടിട്ടുള്ളത്.

ദൈവകൃപക്ക് വളരെയധികം പ്രാധാന്യം കൊടുക്കുന്ന ജോസഫ് പ്രിൻസ് എന്തുകൊണ്ട് ഇത്രയധികം വിമർശനങ്ങൾക്ക് വിധേയനാകുന്നു എന്നുള്ള ചോദ്യം പ്രസക്തമാണ്.

"വിശ്വാസം, അതല്ലേ എല്ലാം!" എന്ന പരസ്യവാചകം സഭകളുടെ കാര്യത്തിൽ പറഞ്ഞാൽ, 'വ്യാഖ്യാനം, അതല്ലേ എല്ലാം' എന്നു പറയേണ്ടി വരും. പുതിയ ഒരു സഭ ഉണ്ടായി എന്നു പറയുമ്പോൾ പുതിയൊരു വ്യാഖ്യാനം ദൈവവചനത്തിലൂടെ 'ജഡം' ധരിച്ചു എന്ന് പറയുന്നതാണ് സത്യം.

ബ്രദറൺ, പെന്തെക്കോസ്ത്, ന്യൂ ജനറേഷൻ സഭകൾ വരെ പറഞ്ഞു വച്ചത് യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവത്തിന്റെ സുവിശേഷമാണ്. ദൈവം പണ്ട് ഭാഗം ഭാഗമായി യേശുക്രിസ്തുവിൽ സമ്പൂർണ്ണമായി അവതരിപ്പിച്ച ദൈവസ്നേഹം. എല്ലാം നിവൃത്തിയായി എന്ന് പറഞ്ഞ് ക്രൂശിൽ പ്രാണനെ വെടിയുമ്പോൾ ക്രിസ്തു ഉദ്ദേശിച്ചത് ഇനിയൊന്നും ചെയ്യാനില്ല എന്നു തന്നെയാണ്. തന്റെ പ്രിയ ശിഷ്യന്മാരെ അത് പഠിപ്പിച്ചു. അവർ അത് പ്രസംഗിച്ചു. പരിശുദ്ധാത്മാവിൽ കൂടി കർത്താവ് ശുശ്രൂഷ തികച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഭാവിയെക്കുറിച്ചുള്ള വെളിപ്പെടുത്തലുകളുടെ ദൃശ്യം യോഹന്നാനിൽക്കൂടി യേശുക്രിസ്തു തുറന്നു വയ്ക്കുകയും ചെയ്തു.

പൗലോസ് തന്റെ ലേഖനങ്ങളിൽ കൂടിയും തനിക്ക് ലഭിച്ച വെളിപ്പെടുത്തലുകളിൽക്കൂടിയും യേശുക്രിസ്തു പ്രസംഗിച്ച സുവിശേഷത്തിന് കൂടുതൽ വ്യക്തതയും വിശദീകരണവും നൽകി. പൗലോസിന്റെ ലേഖനങ്ങളിൽ ഒരിടത്തും യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളുമായി വൈരുദ്ധ്യത ഉണ്ടായിട്ടില്ല. യാക്കോബിന്റെ ലേഖനത്തിലെ വിശ്വാസവും പ്രവർത്തിയുമായി ഭിന്നാശയം ഉണ്ടെന്ന തോന്നൽ ദൈവവചനം ശരിയായി മനസ്സിലാക്കാത്തതിന്റെ തകരാറാണ്. ന്യായപ്രമാണത്തിന്റെ പ്രവർത്തികളുടെ ബന്ധനത്തിൽ നിന്നും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ലഭ്യമാകുന്ന രക്ഷക്കാണ് പ്രവർത്തികൾ കാരണമല്ല എന്ന് പൗലോസ് പ്രസ്താവിക്കുന്നത്. യാക്കോബ് പറയുന്ന 'പ്രവർത്തികൾ' എന്നത് വിശ്വാസത്താൽ മാത്രം ലഭ്യമായ രക്ഷയിൽ ജീവിക്കുന്ന വിശ്വാസികൾ അനുവർത്തിക്കേണ്ടുന്ന പ്രായോഗിക ജീവിതത്തെപ്പറ്റിയാണ്.

ക്രിസ്തുവിൽ സ്ത്രീയും പുരുഷനുമെന്ന വ്യത്യാസമില്ല എന്ന് ഗലാത്യലേഖനത്തിൽ പറയുന്ന പൗലോസ് കൊരിന്ത്യലേഖനത്തിൽ സ്ത്രീയുടെ മുടിയെപ്പറ്റി എടുത്തു പരാമർശിക്കുന്നുണ്ട്. പ്രാർത്ഥനയുമായി ബന്ധപ്പെട്ടാണത്. ദൈവരാജ്യത്തിൽ കടക്കുന്നവരാരെന്നുമൊക്കെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഗലാത്യർ അഞ്ചാം അധ്യായത്തിൽ പൗലോസ് പറയുന്നുണ്ട്.

ജോസഫ് പ്രിൻസും കൃപയുടെ സുവിശേഷകരെന്ന് സ്വയം പരാമർശിക്കുന്നവരുമെല്ലാം പറയുന്നത് പൗലോസിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവകൃപയാണ്. സുവിശേഷങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട ക്രിസ്തുവും പൗലോസിലൂടെ വെളിപ്പെടുത്തപ്പെട്ട ക്രിസ്തുവും എന്ന് രണ്ടായി വിഭജിക്കുന്നത് പൗലോസിന്റെ വെളിപ്പാടിന് അനാവശ്യ പ്രാധാന്യം നൽകുന്നതുമാണ് അപകടത്തിന്റെ ലക്ഷ്മണരേഖ ലംഘിക്കുന്നത്. ന്യായപ്രമാണത്തിന്റെ കുരുക്കിൽ തളച്ചിടുന്ന ചില അവസ്ഥകളെങ്കിലും പെന്തെക്കോസ്ത് ഉപദേശങ്ങൾക്കുണ്ടെങ്കിലും ഏതാണ്ടൊരു സമീകൃത വിശ്വാസവും ഉപദേശവുമാണ് പെന്തെക്കോസ്ത് സഭകൾ പിൻപറ്റുന്നത്.

ഒരു മനുഷ്യശരീരത്തിൽ അനേകം അവയവങ്ങളുണ്ടെങ്കിലും, ചിലതില്ലെങ്കിലും മനുഷ്യന് ജീവിതം സാധ്യമാണ്. ഉദാഹരണം: കൈ, കാൽ, കണ്ണ്, മൂക്ക്, ചെവി, പല്ല് തുടങ്ങിയവ. എന്നാൽ ഹൃദയം ചലിപ്പിച്ചില്ലെങ്കിൽ, ശ്വാസകോശം പ്രവർത്തിക്കാതെ വന്നാൽ, കരൾ നിശ്ചലമായാൽ ജീവിതം അവസാനിച്ചു. 'ഹൃദയം ഇല്ലാതെ ജീവിക്കാനാവില്ല', എന്നൊരാൾ പ്രസ്താവിച്ചാൽ അതിൽ തെറ്റില്ല. എന്നാൽ മറ്റെല്ലാ അവയവങ്ങളും അപ്രസക്തമാണെന്ന് പറഞ്ഞാൽ എങ്ങനെ ഉൾക്കൊള്ളാൻ കഴിയും?

ഇതുതന്നെയാണ് കൃപയുടെ സുവിശേഷമെന്ന ആശയത്തിലും സംഭവിച്ചിരിക്കുന്നത്. 'സമൂല കൃപ' എന്ന ആശയത്തെ മാത്രം ഉയർത്തിക്കാട്ടുക! അതുകൊണ്ട് മറ്റുള്ളതിനെ അപ്രസക്തമായി കാണുക. 'കൃപയുടെ സുവിശേഷകർ' എന്ന് ചില സുവിശേഷകർ തങ്ങളേത്തന്നെ സംബോധന ചെയ്യുന്നുണ്ട്. അങ്ങനെയൊരു പരസ്യവും കൊടുത്തിരിക്കുന്നു. പെന്തെക്കോസ്തുകാർ പോലും കാണിക്കാത്ത 'ധൈര്യം' കണ്ട് അമ്പരന്നു പോയി. ദൈവവചനത്തിലുള്ള അറിവില്ലായ്മയാണ് കാരണം. 'ദൈവമക്കൾ' എന്ന ഒരു പേരിലേ നമുക്കറിയപ്പെടാനുള്ളു. അങ്ങനെ അറിയപ്പെട്ടാൽ മതി; അതാണ് ഭാഗ്യം! ദൈവകൃപയുടെ സുവിശേഷം എന്ന് പ്രവർത്തികൾ 20-ാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന പൗലോസിന്റെ ഒറ്റ വാക്കിൽ പിടിച്ചാണ് ഈ കളി. പൗലോസിന്റെ സ്വന്തലേഖനങ്ങളിൽ പോലും ഒരിക്കലും പരാമർശിക്കാത്ത പദം. 20-ലധികം തവണ പൗലോസ്, ക്രിസ്തുവിന്റെ സുവിശേഷം, ദൈവത്തിന്റെ സുവിശേഷം എന്നിങ്ങനെ സുവിശേഷത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. 2തിമൊ.2:8-9-ൽ എന്താണ് പൗലോസ് പ്രസംഗിക്കുന്ന സുവിശേഷമെന്നും പറയുന്നുണ്ട്.

സ്ഥലപരിമിതി മൂലം ജോസഫ് പ്രിൻസിന്റെ ഉപദേശങ്ങളെല്ലാം ഇവിടെ പരിശോധിക്കാനാവുന്നില്ല. ഒരെണ്ണം മാത്രം എടുത്തു പറയാം.

ജോസഫ് പ്രിൻസിന്റെ ആശയങ്ങളിൽ മുഴച്ചു നില്ക്കുന്നത് വിജയപൂർണ്ണമായ ജീവിതമാണ്. കഷ്ടതകളില്ലാത്ത, ദുഃഖവും ദാരിദ്ര്യവുമില്ലാത്ത, പരാജയത്തിന് വഴി മാറാത്ത, സുഖസമ്പത്സമൃദ്ധമായ ജീവിതം.

*ശേഷം പേജ് 8*

## ലേഖനങ്ങളിലെ ക്രിസ്തു വിശദീകരണം: ജെയിംസ് മേമന



എന്റെ ഇന്റർവ്യൂ കൊടുത്തതിൽ സുവിശേഷങ്ങളിൽ പറയുന്ന യേശുവിനെയല്ല, ലേഖനങ്ങളിലെ യേശുവിനെയാണ് പുതിയ നിയമസഭ അംഗീകരിക്കേണ്ടത് എന്ന് കൊടുത്തതിൽ അല്പം പിശകുണ്ട്. അങ്ങനെ പറഞ്ഞാൽ ഞങ്ങൾ ജഡത്തിൽ വെളിപ്പെട്ട യേശുവിനെ വിശ്വസിക്കുന്നില്ല എന്ന തെറ്റിദ്ധാരണ പരക്കുവാൻ ഇടയാകും. അതുകൊണ്ടാണ് ഞാൻ ഈ വിശദീകരണക്കുറിപ്പ് എഴുതുന്നത്.

ഞങ്ങൾ യേശുവിന്റെ ജഡാവതാരത്തിൽ വിശ്വസിക്കുന്നു. ദൈവപുത്രൻ ജഡത്തിൽ വെളിപ്പെട്ടു എന്നത് നിഷേധിക്കുവാൻ കഴിയാത്ത സത്യം തന്നെയാണ്. യേശുവിന്റെ ജീവിതം തീർച്ചയായും നമുക്ക് മാതൃകയാണ്. എന്നാൽ ഈ ഭൂമിയിൽ നടന്ന യേശു ഒരു യഹൂദ റബ്ബി ആയിരുന്നു. പുതിയനിയമ സഭക്ക് കർത്താവുമായി ബന്ധമുണ്ടാകുന്നത് അവനെ കാണിച്ചു കൊടുത്ത രാത്രി മുതലാണ്. അതുകൊണ്ടാണ് പൗലോസിന് കർത്താവ് തന്നെ വെളിപ്പെടുത്തിക്കൊടുത്തപ്പോൾ തന്നെ കാണിച്ചുകൊടുത്ത രാത്രി മുതൽ വെളിപ്പെടുത്തിക്കൊടുത്തത്. 1കൊരിന്ത്യർ 11:23 യേശുവിന്റെ ക്രൂശ് മരണമാണ് ജാതീയരെ യേശുവുമായി ബന്ധിപ്പിച്ചത്. യേശുവിന്റെ ഉയിർത്തെഴുന്നേല്പാണ് നമ്മെ നീതീകരിച്ചത്. റോമർ 4:24 പൗലോസ് രക്ഷിക്കപ്പെട്ട ഉടനെ കർത്താവ് അദ്ദേഹത്തെ മരുഭൂമിയിലേക്ക് നടത്തി. അവിടെവച്ച് ജാതികളുടെ ഇടയിൽ പ്രസംഗിക്കേണ്ട ക്രിസ്തുവിനെ വെളിപ്പെടുത്തിക്കൊടുത്തു. (ഗലാത്യർ 1:15 മുതൽ വായിക്കുക). മടങ്ങി വന്ന പൗലോസ് പ്രഖ്യാപിച്ചു 'ജഡപ്രകാരം ഞാൻ ആരെയും അറിയുന്നില്ല. ക്രിസ്തുവിനെയും അങ്ങനെ അറിഞ്ഞിരുന്നുവെങ്കിലും ഇനി മേലാൽ അങ്ങനെ അറിയുന്നില്ല.' മരുഭൂമിയിലേക്ക് നടത്തപ്പെടുമ്പോൾ ഉണ്ടായിരുന്ന വെളിപ്പാടല്ല പൗലോസിന് പിന്നീടുണ്ടായത്. അങ്ങനെയെങ്കിൽ എവിടം മുതലാണ് ദൈവം ക്രിസ്തുവിനെ വെളിപ്പെടുത്തിക്കൊടുത്തത്? ഉത്തരം കൊരിന്ത്യ ലേഖനം 11:23-ൽ കാണാം 'ഞാൻ കർത്താവിങ്കൽ നിന്ന് പ്രാപിക്കയും നിങ്ങൾക്ക് ഏല്പിക്കയും ചെയ്തത് എന്തെന്നാൽ കർത്താവിനെ കാണിച്ചകൊടുത്ത രാത്രിയിൽ ....' തന്റെ രക്തം കൊണ്ട് ക്രിസ്തു പുതിയനിയമത്തെ സ്ഥാപിച്ച രാത്രി മുതൽക്കാണ് ജാതികളുടെ ഇടയിൽ പ്രസംഗിക്കുവാനുള്ള ക്രിസ്തുവിനെ ദൈവം പൗലോസിന് വെളിപ്പെടുത്തിത്തുടങ്ങിയത്. യേശു വന്നത് പ്രായശ്ചിത്ത ജീവിതത്തിനല്ല, പ്രായശ്ചിത്ത മരണത്തിനാണ്. ക്രൂശീകരണം ജഡത്തിൽ വെളിപ്പെട്ട ക്രിസ്തു കടന്നുപോയ വഴികളാണ്. ക്രൂശീകരണമാണ് ക്രിസ്തീയ സഭയുടെ അടിസ്ഥാനം. കൃപയുടെ സുവിശേഷകരായ ഞങ്ങൾ ഏറ്റവുമധികം ഊന്നൽ കൊടുക്കുന്നതും ക്രൂശിൽ പൂർത്തീകരിക്കപ്പെട്ട കർത്താവിന്റെ പ്രവർത്തിയിലാണ്.

## പ്രസ്താവന

ഹാലേലൂയ്യാ പത്രത്തിന്റെ കഴിഞ്ഞ ലക്കത്തിൽ "കൃപയുടെ സഭകൾ കേരളത്തിലും" എന്ന വാർത്തയിൽ ഞാൻ ശുശ്രൂഷിക്കുന്ന കൊല്ലം ടൗണിലുള്ള ബരേഖാ ചർച്ച് ഓഫ് ഗോഡ് സഭ റാഡിക്കൽ ഗ്രെയ്സ് സഭയാണെന്ന് ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ ഈ സഭ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റുമായി അഫിലിയേറ്റ് ചെയ്ത് നില്ക്കുന്ന സഭയാണ്. ഞാൻ ചർച്ച് ഓഫ് ഗോഡിന്റെ എക്സോർട്ടർ ലൈസൻസ് (N.C/076) ഉള്ള ശുശ്രൂഷകനുമാണ്. റാഡിക്കൽ ഗ്രെയ്സ് പ്രസ്ഥാനവുമായി എന്റെ സഭ ചേർന്നിട്ടില്ല എന്ന് അറിയിക്കുന്നു.

*പാസ്റ്റർ മഹാരാജ് എം.വി.*
*കൊല്ലം.*

## പ്രസ്താവന



ഹാലേലൂയ്യാ പത്രത്തിന്റെ കഴിഞ്ഞ ലക്കത്തിൽ 'കൃപയുടെ സഭകൾ കേരളത്തിൽ' എന്ന കവർ സ്റ്റോറി പ്രസിദ്ധീകരിച്ചപ്പോൾ 'ഞങ്ങൾ പെന്തെക്കോസ്തരല്ല' എന്ന തലക്കെട്ടോടെ അച്ചടിച്ച ഫോട്ടോയിൽ ബ്രദർ ടിജോ തോമസ്, ബ്രദർ സുജിത് ജെയിംസ്, ബ്രദർ ഗിരീഷ് ബാബു എന്നിവരുടെ ചിത്രം ഉണ്ടായിരുന്നു. ഈ ഫോട്ടോ സുഹൃത്തുക്കളായ ചില സുവിശേഷകരോടൊന്നിച്ച് ഒന്നര വർഷം മുമ്പ് എടുത്തതാണ്. അതിൽ പറയുന്ന "പെന്തെക്കോസ്തരല്ല" എന്ന പ്രസ്താവന ഞങ്ങളുടെ അറിവോ സമ്മതമോ ഇല്ലാതെ മറ്റാരോ ഫെയ്സ് ബുക്കിൽ പ്രസിദ്ധീകരിച്ചതാണ്.

കേരളത്തിൽ ഒരു ശതാബ്ദം മുമ്പ് ഉടലെടുത്ത പെന്തെക്കോസ്ത് ആശയങ്ങളോടും വേദപുസ്തകത്തിലും യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലും പൂർണ്ണമായും അടിസ്ഥാനമിട്ടിട്ടുമുള്ള ആശയങ്ങൾ മാത്രമാണ് ഞങ്ങൾ വിശ്വസിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നത്. ഏതെങ്കിലുമൊരു ആശയത്തെ അടിസ്ഥാനമാക്കിയല്ല പ്രത്യുത യേശുക്രിസ്തു എന്ന അടിസ്ഥാനത്തിൽ പണിയപ്പെടുന്ന ക്രിസ്തീയ സഭ എന്നതാണ് ഞങ്ങൾ പ്രസംഗിക്കുന്നത്.

ഇപ്പോൾ പ്രചരിപ്പിക്കപ്പെടുന്ന റാഡിക്കൽ ഗ്രെയ്സ് എന്ന ആശയത്തോടോ പ്രസ്ഥാനത്തോടോ ഞങ്ങൾക്ക് ബന്ധമില്ലെന്ന് അറിയിക്കുന്നു.

അടൂരിലുള്ള ഗ്രെയ്സ് ഫെലോഷിപ്പ് മിനിസ്ട്രിയും അതിന് നേതൃത്വം നൽകുന്ന ബ്രദർ റ്റിജോ തോമസ്, ബ്രദർ സുജിത് ജയിംസ്, ബ്രദർ ഗിരീഷ് ബാബു എന്നിവർ തുടർന്നും എല്ലാ ദൈവജനങ്ങളുമായുള്ള സഹകരണത്തിലും പുതിയനിയമ സഭയുടെ നിർമ്മലതയിലും മുമ്പോട്ടു പോകും എന്ന് ഇതിനാൽ അറിയിക്കുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരന്മാർ.

## ജോജി സാമുവേൽ ഐ.പി.സി.ജനറൽ കൗൺസിൽ അംഗം



ന്യൂയോർക്ക്: ഐ.പി.സി.ജനറൽ കൗൺസിലിലേക്ക് നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയനിൽ നിന്ന് ജോജി സാമുവേൽ തിരഞ്ഞെടുക്കപ്പെട്ടു. ഐ.പി.സി.യിലെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ മാത്യു സാമുവേലിന്റെ മകനും ഐ.പി.സി.എലീം സഭാംഗവുമാണ്.

## ഷിമോഗ സെന്റർ കൺവൻഷൻ

ഭദ്രാവതി: ഐ.പി.സി.കർണ്ണാടക സ്റ്റേറ്റിലെ ഷിമോഗ സെന്റർ കൺവൻഷൻ ഡിസംബർ 4-6 വരെ ന്യൂ ടൗണിലെ ലയൺസ് ക്ലബ് ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർമാരായ സാം ജോർജ്ജ്, പോൾ വർക്കി, ടി.ഡി.തോമസ്, രാജൻ ജോൺ, കൊട്ടരേഷ്, എന്നിവർ പ്രസംഗിക്കും.

## ഭാരവാഹികൾ

ഭുവനേശ്വർ, ഒഡീഷ: ഐ.പി.സി. എൻ.ആർ സൗത്ത് സെൻട്രൽ സോൺ ഭാരവാഹികളായി പാസ്റ്റർമാരായ ജി.ജോയിക്കുട്ടി (പ്രസിഡന്റ്), കെ.കേശവൻകുട്ടി (വൈസ് പ്രസിഡന്റ്), കെ.എസ്.ജോൺ (സെക്രട്ടറി), ഇവാ.വി.ശ്രീനിവാസ റാവു (ജോ.സെക്ര.& ട്രഷറാർ)എന്നിവരെ തിരഞ്ഞെടുത്തു.



പള്ളിപ്പാട്: തീവ്രയത്ന സുവിശേഷീകരണത്തിന്റെ ഭാഗമായി ഇവാഞ്ചലിസം ബോർഡ്-ഡി.പി.എം.സംയുക്ത ആഭിമുഖ്യത്തിൽ നവംബർ 8,9 തീയതികളിൽ പള്ളിപ്പാട്ടും പരിസരപ്രദേശങ്ങളിലും മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവത്ക്കരണ യാത്രയും യോഗങ്ങളും നടന്നു.

## ഐ.പി.സി.ഒഡീഷ സ്റ്റേറ്റ് പുതിയ കൗൺസിൽ





റായ്ഗഡ്: ഐ.പി.സി.ഒഡീഷ സ്റ്റേറ്റിന്റെ പുതിയ ഭാരവാഹികളെ റായ്ഗഡിലുള്ള ഐ.പി.സി.ഒഡീഷ സ്റ്റേറ്റിലെ സയോൺ നഗറിൽ നടന്ന ജനറൽ ബോഡിയിൽ തിരഞ്ഞെടുത്തു.

പ്രസിഡന്റ് പാസ്റ്റർ ഗിദെയോൻ താണ്ടി, വൈസ് പ്രസിഡന്റ് പാസ്റ്റർ രാജേന്ദ്ര നായിക്, സെക്രട്ടറി പാസ്റ്റർ തോമസ് റോയ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സർബ കുമാർ ബിസോയി, ട്രഷറാർ പീറ്റർ ലിമ എന്നിവരെ തിരഞ്ഞെടുത്തു. 21 സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെയും ജനറൽ ബോഡി തിരഞ്ഞെടുത്തു. ഒക്ടോബർ 2-ന് കുമ്പനാട്ട് നടന്ന ജനറൽ കൗൺസിലിൽ പുതിയ ഐ.പി.സി.ഒഡീഷ സ്റ്റേറ്റിനെ ഔദ്യോഗികമായി അംഗീകരിച്ചു. ഐ.പി.സി.ജനറൽ വൈസ് പ്രസിഡന്റ് റവ.ഡോ.ബേബി വർഗീസ്, മേഘാലയ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജയിംസ് ചാക്കോ, ജനറൽ കൗൺസിൽ അംഗം അഡ്വ. ജോൺസൺ സാമുവേൽ എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി.













# പാസ്റ്റർ സന്തോഷ് പൊടിമല

## വ്യത്യസ്തനായൊരു സുവിശേഷകൻ



ഒട്ടു മിക്ക അമേരിക്കൻ പട്ടണങ്ങളിലും സാധാരണക്കാർ പകൽ പോലും പോകുവാൻ മടിക്കുന്ന ചില മേഖലകളുണ്ട്. അമേരിക്കൻ വൻ നഗരങ്ങളുടെ സുന്ദരമുഖത്തിന്റെ പിന്നാമ്പുറങ്ങൾ. തകർന്നു തുടങ്ങിയ കെട്ടിടങ്ങൾ, വൃത്തിഹീനമായ വഴിയോരങ്ങൾ, സൂക്ഷിച്ചു നോക്കിയാൽ കെട്ടിട ഭിത്തികളിൽ വെടിയുണ്ട കയറിയ പാടുകൾ കാണാം. സട്രീറ്റിൽ അല്പ വസ്ത്ര ധാരികളായ വികൃതരൂപങ്ങൾ. ഏതു നിമിഷവും ഒരു വെടിയുണ്ട എങ്ങുനിന്നെന്നറിയാതെ



*പാസ്റ്റർ സന്തോഷ് പൊടിമലയും കുടുംബവും*

പാഞ്ഞെത്തി ശരീരം തുളച്ചു കടന്നു പോകുമോ എന്ന് ഭീതി തോന്നുന്ന അന്തരീക്ഷം.

അമേരിക്കൻ മലയാളികളിൽ തൊണ്ണൂറ്റി ഒൻപത് ശതമാനവും ഇത്തരം നഗരപ്രാന്തങ്ങൾ കണ്ടിട്ടു പോലുമില്ല. ആവറേജ് സായിപ്പിനേക്കാൾ ഉയർന്ന നിലവാരത്തിൽ ജീവിക്കുന്ന അമേരിക്കൻ മലയാളിക്ക്- ഗാംഗ് വാറുകൾ നടക്കുന്ന, മയക്കുമരുന്നിനടിമകളും, മദ്യപാനികളും, വേശ്യകളും, ഭവനമില്ലാത്തവരും, കുറ്റവാളികളുമൊക്കെ ജീവിക്കുന്ന ഇത്തരം മേഖലകളിൽ എത്തിനോക്കുവാൻ പോലും താല്പര്യമില്ല. ദൈവം തന്ന നന്മകൾ അനുഭവിച്ച് ദൈവത്തിന് നന്ദി പറഞ്ഞ് കംഫർട്ടബിളായി ജീവിക്കാനാണ് മലയാളി വിശ്വാസികൾ ആഗ്രഹിക്കുന്നത്.

ഇവിടെയിതാ വ്യത്യസ്തനായ ഒരു മലയാളി സുവിശേഷകൻ-കുറ്റവാളികളും സ്ട്രീറ്റിൽ ജീവിക്കുന്ന ഭവനമില്ലാത്തവരുമായവരെത്തേടി അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്നു. തെരുവിൽ കിടന്നുറങ്ങുന്ന അമേരിക്കക്കാരനെ അവിടെച്ചെന്ന് കണ്ടെത്തി തന്റെ വണ്ടിയിൽ കയറ്റി കൊണ്ട് വന്ന് കുളിപ്പിച്ച് നല്ല വസ്ത്രം നൽകി, ഭക്ഷണം കൊടുത്ത്-നീ അനാഥനല്ല, യേശു നിന്നെ സ്നേഹിക്കുന്നു എന്നു പറയുന്ന ഒരു സുവിശേഷകൻ.

പാസ്റ്റർ സന്തോഷ് പൊടിമല. പാരമ്പര്യം പറയുവാനാണെങ്കിൽ മലങ്കര പെന്തെക്കോസ്തിന്റെ നാലാം തലമുറ. പാസ്റ്റർ പിഎംഫിലിപ്പിന്റെ കുടുംബത്തിൽ നിന്ന് പാസ്റ്റർ ബഞ്ചമിൻ തോമസ്-പൊന്നമ്മ ദമ്പതികളുടെ മൂന്നു മക്കളിൽ മൂത്തയാൾ.

ഡാളസിലെ പ്രശസ്തമായ ബെയ്ലർ യൂണിവേഴ്സിറ്റിയുടെ മെഡിക്കൽ സെന്ററിൽ ചാപ്ലയിനായി ജോലി ചെയ്യുന്ന പാസ്റ്റർ സന്തോഷ് ഭവനമില്ലാത്തവരെയും കുറ്റവാളികളെയും തേടിയിറങ്ങിയപ്പോൾ കേട്ടവരാരും അത് വിശ്വസിച്ചില്ല. എന്നാൽ സന്തോഷ് തികഞ്ഞ സമർപ്പണത്തോടെയായിരുന്നു.

ശനിയാഴ്ചകളിൽ തെരുവുകളിൽ അലഞ്ഞുതിരിയുന്നവരെ തേടിയിറങ്ങി. ആദ്യദിവസം 14 പേരെ കിട്ടി. അവരെ ക്ലീനാക്കി ഡ്രസ് ചെയ്യിച്ച് ഭക്ഷണവും കൊടുത്ത് അവർക്ക് വേണ്ടി പാട്ടു പാടി. ഭാര്യ സൂസനും കൗമാരക്കാരായ മക്കൾ സ്നേഹയും, ശേത്തുമാണ് പാട്ടു പാടുവാൻ സഹായിച്ചത്. പിന്നെ ജീവിതത്തിന്റെ അമൂല്യതയെക്കുറിച്ച് അവരോടൊരു ചെറിയ പ്രഭാഷണം.

തങ്ങളെയും സ്നേഹിക്കുവാൻ ചിലരുണ്ടെന്ന് തിരിച്ചറിഞ്ഞ കേൾവിക്കാർ അടുത്ത ശനിയാഴ്ചക്കായി കാത്തിരുന്നു. തെരുവിലലയുന്ന തങ്ങളേപ്പോലുള്ളവരെ കണ്ടെത്തുവാൻ ആദ്യമാദ്യം വന്നവർ സഹായിച്ചു. ഇന്ന് ഓരോ ശനിയാഴ്ചയും 60-70 പേർ ഈ മീറ്റിങ്ങിൽ ആവേശത്തോടെ പങ്കെടുക്കുന്നു.

ഇങ്ങനെ തെരുവിൽ നിന്ന് വീണ്ടെടുക്കപ്പെട്ടവരിലൊരാൾ തന്റെ മകൻ ശേത്തിനൊടൊപ്പം സ്നാനമേറ്റു. മകന്റെ സ്നാനത്തേക്കാൾ പാസ്റ്റർ സന്തോഷിനെ സന്തോഷിപ്പിച്ചത് തെരുവിൽ നിന്ന് വീണ്ടെടുക്കപ്പെട്ടവന്റെ ജീവിതത്തെ ഓർത്താണ്.

കോഴഞ്ചേരി സെന്റ് തോമസ് കോളജിലും, ഡൂൺ ബൈബിൾ കോളജിലുമായി പഠനം പൂർത്തിയാക്കിയ സന്തോഷ് 1997ലാണ് അമേരിക്കയിലേക്ക് കുടിയേറുന്നത്. അമേരിക്കയിൽ എത്തുന്നതിന് മുമ്പുള്ള പത്തു വർഷങ്ങൾ ഭാരതത്തിലെ വിവിധ സ്ഥലങ്ങളിൽ വ്യത്യസ്തമായ സംസ്കാരങ്ങളിൽ സുവിശേഷവേല ചെയ്തു. വിവിധ പ്രസ്ഥാനങ്ങൾ, സഭകൾ, നൂറുനൂറ് വ്യക്തികൾ, പത്തു വർഷം കൊണ്ട് ഒരായുസിനുള്ള ജീവത അനുഭവങ്ങൾ.

ആദ്യപ്രവർത്തന സ്ഥലം മഹാരാഷ്ട്രയിലെ ഷോളാപ്പൂരിലായിരുന്നു ഒന്നര വർഷം. പ്രീഡിഗ്രി കഴിഞ്ഞ് കേരളത്തിൽ നിന്ന് പോയതാണ്. അവിടെവച്ചാണ് സുവിശേഷ പ്രവർത്തനത്തിലുള്ള നിയോഗം ലഭിക്കുന്നത്. കുറച്ചുകാലം അവിടെ സുവിശേഷ പ്രവർത്തനങ്ങളിൽ സജീവമായ ശേഷം ഐ.സി.പി.എഫിന്റെ ഏഞ്ചലോസ് ടീമിൽ അംഗമായി. ആ യാത്രകൾക്കിടയിലാണ് ഒരിക്കൽ റവ.ജോർജ് സി.കുരുവിള നടത്തിയ ഒരു പ്രസംഗം മനസ്സിൽ തറച്ചത്. ബീഹാറിന് വേണ്ടിയുള്ള മിഷൻ ചലഞ്ചായിരുന്നു അത്. അന്ന് ഡെറാഡൂണിൽ എൻ.ടി.സി.ആരംഭിച്ച കാലമാണ്. 3മ്മ മാസത്തെ കോഴ്സിന് ചേർന്നു. കോഴ്സിന് ശേഷം ഡെറാഡൂണിൽ തന്നെ 'പത്തിരി' എന്ന ഗ്രാമത്തിൽ സുവിശേഷ വേല.

തുടർന്ന് ഡൂൺ ബൈബിൾ കോളജിൽ ചേർന്ന് വചനപഠനം. ഗ്രാജുവേഷന് ശേഷം നേരെ വെസ്റ്റ് ബംഗാളിലേക്ക്. ഡൽഹിയിൽ നിന്ന് നോർത്ത്-ഈസ്റ്റേൺ എക്സ് പ്രസിലെ ജനറൽ കമ്പാർട്ടുമെന്റിൽ തിങ്ങി നിറഞ്ഞ് യാത്ര ചെയ്തു. ഒന്നര ദിവസത്തെ യാത്ര. ജല്പായിഗുഡിയിൽ അഞ്ചുമാസം വിശ്രമമില്ലാത്ത സുവിശേഷ പ്രവർത്തനം. ജെഫ്രി, സാബു എന്നിവരായിരുന്നു സഹപ്രവർത്തകർ.

അടുത്ത ഊഴം ഗോസ്പൽ ഫോർ ഏഷ്യയുടെ ഭാഗമായി ഗുജറാത്ത്, ബീഹാർ. ഒരു വർഷം നീണ്ട യാത്ര. ഗ്രാമീണ ഇന്ത്യയുടെ വേദനകൾ മുഴുവൻ കണ്ടും അനുഭവിച്ചും അറിഞ്ഞു. ഉത്തരേന്ത്യൻ മിനിസ്ട്രിയുടെ ആവശ്യകത തിരിച്ചറിഞ്ഞ ദിവസങ്ങളായിരുന്നു അത്. ഗുജറാത്തിൽ വച്ച് നിരന്തര യാത്രകളുടെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി സെറിബ്രൽ മലേറിയ പിടികൂടി. മരണത്തിൽ നിന്ന് രക്ഷപെട്ട് നാട്ടിലേക്ക് മടക്കം.

നാട്ടിലെത്തിയപ്പോഴാണ് പിതാവിന്റെ പ്രവർത്തന മേഖലയായ പാലക്കാട് ജില്ലയിലെ അട്ടപ്പാടി അകത്തേത്തറ സഭയുടെ ശുശ്രൂഷകനാകേണ്ടി വന്നത്. ആറുമാസം അകത്തേത്തറയിൽ തങ്ങി. ഹൃദയം മുഴുവൻ ഉത്തരേന്ത്യ എന്ന് തുടിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. ആറുമാസത്തിന് ശേഷം യാത്ര ചണ്ഡീഗഡിലേക്ക്.

ചണ്ഡീഗഡ് സിംല റൂട്ടിൽ 40 കിലോമീറ്റർ ദൂരെ 'പിഞ്ചോറി'യെന്ന ഗ്രാമത്തിൽ വീട് വാടകെക്കെടുത്ത് പ്രവർത്തനമാരംഭിച്ചു. അവിടെ 40 ദിവസം ഉപവാസ പ്രാർത്ഥന നടത്തി. ഡൂൺ ബൈബിൾ കോളജിൽ നിന്ന് ജേക്കബ് ചാക്കോ അയച്ചു തന്ന 750 രൂപയാണ് ആകെ കയ്യിലുള്ളത്. പ്രാർത്ഥനയുടെ അവസാന ദിവസം എല്ലാവർക്കും ഭക്ഷണം കൊടുക്കണമെന്ന് ആഗ്രഹിച്ചു. അങ്ങനെയിരിക്കെ മാവി അയച്ച 500 രൂപ കിട്ടി. അങ്ങനെ ഉപവാസത്തിന്റെ സമാപനം വന്നവർക്കെല്ലാം വിരുന്നു നൽകി.

1995-ൽ മാതാപിതാക്കൾ അമേരിക്കയിലേക്ക് പോന്നു. പാലക്കാട്ടെ പ്രവർത്തനത്തിന്റെ ചുമതല സന്തോഷിന്റെ ചുമലിലായി. ഇതിനിടെ ഡെറാഡൂണിൽ വാർഡനായി ചുമതല ഏറ്റുകഴിഞ്ഞിരുന്നു.

1996-ൽ ഐ.സിപിഎഫിലൂടെ വിശ്വാസത്തിലേക്കെത്തിയ വളഞ്ഞവട്ടം സ്വദേശി സൂസനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്കിപ്പോൾ സ്നേഹ, ശേത്ത് എന്നീ രണ്ടു മക്കളുമുണ്ട്.

1997-ൽ അമേരിക്കയിലെത്തിയ പാസ്റ്റർ സന്തോഷ് പൊടിമല എട്ടു വർഷം ഒക്കലഹോമയിലെ ഐപിഎ. സഭയുടെ യൂത്ത് പാസ്റ്ററായി ചുമതല വഹിച്ചു. തുടർന്ന് ഡാളസിൽ ഫെയ്ത്ത് ടാബർനാക്കിൾ ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററായി അഞ്ചു വർഷം ശുശ്രൂഷിച്ചു. 2011-ൽ പ്രത്യേക ദർശനപ്രകാരം സഭാ ചാർജ്ജ് വിട്ട് ഒരു ഓപ്പൺ ചർച്ചിന് തുടക്കം കുറിച്ചു. ഇത് മലയാളികളെ ഉദ്ദേശിച്ചുള്ള സഭയല്ല. കറുത്ത വർഗ്ഗക്കാരും വെളുത്തവരുമെല്ലാം സഭയിൽ ആരാധനയിൽ പങ്കെടുക്കുന്നു. ഒപ്പം കുറച്ച് മലയാളി കുടുംബങ്ങളും.

അമേരിക്കയിലായാലും, ഇന്ത്യയിലായാലും ആത്മാവിന്റെ വില ഒന്നു തന്നെയാണ്. അമേരിക്കൻ പട്ടണങ്ങളിൽ മയക്കുമരുന്നും കുറ്റകൃത്യങ്ങളുമായി കഴിയുന്നവർ, വീടില്ലാത്തവർ തുടങ്ങി എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവരോട് സദ്വർത്തമാനം അറിയിക്കുവാനും അവർക്ക് വേണ്ടി ജീവിക്കുവാനും സന്തോഷും കുടുംബവും സമർപ്പിതരാണ്.

എല്ലാ ആഴ്ചയിലും നടത്തുന്ന മീറ്റിംഗ് കൂടാതെ വർഷത്തിൽ രണ്ടോ മൂന്നോ മെഗാ ബാർബിക്യൂ പാർട്ടികളും സംഘടിപ്പിക്കും. 600-700 ആളുകളാണ് ഈ പാർട്ടിയിലേക്ക് തെരുവുകളിൽ നിന്ന് എത്തിച്ചേരുന്നത്. കൗൺസലിങ്ങിലൂടെയും സുവിശേഷത്തിലൂടെയും രൂപാന്തരപ്പെടുന്നവരെ സാധിക്കുമെങ്കിൽ അവരുടെ കുടുംബങ്ങളുമായി കൂട്ടിയോജിപ്പിക്കും. അല്ലാത്തവർക്ക് ഷെൽറ്റർ കണ്ടെത്തി നൽകുക തുടങ്ങി ഭാരിച്ച ചുമതലകളാണ് സേക്രഡ് ഹാൻഡ്സ് ഓഫ് ഹോം ഇന്ത്യാ മിനിസ്ട്രി എന്ന പേരിൽ പാസ്റ്റർ സന്തോഷും കുടുംബവും ഏറ്റെടുത്തിരിക്കുന്നത്.

ഈ പ്രവർത്തനങ്ങളോടൊപ്പം ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ഐ.സി.എ.(ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി) എന്ന പേരിൽ സഭാ പ്രവർത്തനം നടത്തുന്നു. ഡെറാഡൂണിൽ സഹപാഠിയായിരുന്ന പാസ്റ്റർ രാജൻ ബേബിയാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ചണ്ഡീഗഡിൽ ഇപ്പോൾ 250-ലധികം അംഗങ്ങളുള്ള സഭയും മറ്റ് ആറ് കൂട്ടായ്മകളും ഈ പ്രവർത്തനത്തിന്റേതായി നടക്കുന്നു.


ഗ്രേയ്സ് ടീം ഇന്ത്യ ഒരുക്കുന്നു


അനി ജോർജ്ജ്


ജോൺ ലോറൻസ്


സജിത്ത് ജോസഫ്


ജയിംസ് മേമന,


സതീഷ് പരുമല,


ജോസ് നിരണം


അഡ്വ. അഭിലാഷ് സി. എ.

എന്നീ ദൈവദാസന്മാർ ക്ലാസുകൾ നയിക്കുന്നു.

ചിന്താവിഷയം: ക്രിസ്തുവിന്റെ പൂർത്തീകരണ പ്രവൃത്തി

ഗ്രേയ്സ് അവേക്കനിംഗ്

NATIONAL GRACE CONFERENCE

ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ക്യാമ്പ് സെന്റർ, കടപ്ര, കുമ്പനാട്

2013 ഡിസംബർ 23 മുതൽ 25 വരെ

Registration fees Rs.1000/- (including food & accommodation)

for more details: 9447781783, 9446354994, 9567708552

## സുവിശേഷയോഗം

കുന്നംകുളം: അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡ് അയ്യംപറമ്പ് ഹോരേബ് സഭയുടെ സുവിശേഷയോഗം നവംബർ 29 മുതൽ ഡിസംബർ 1വരെ നടന്നു.

## മലപ്പുറം ഏരിയാ കൺവൻഷൻ

പെരിന്തൽമണ്ണ: ഐ.പി.സി.മലപ്പുറം ഏരിയാ കൺവൻഷൻ നവംബർ 28 മുതൽ ഡിസം.1 വരെ മുനിസിപ്പൽ ടൗൺ ഹാളിൽ നടന്നു. പാസ്റ്റർ ജോയി ഗീവർഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ വി.പി.ഫിലിപ്പ്, കെ.സി.തോമസ്, കെ.ഒ.തോമസ് എന്നിവർ പ്രസംഗിച്ചു.


Upgrade your Nursing Career to a HIGHER LEVEL

20-ാം നൂറ്റാണ്ടിൽ ലഭിച്ച നഴ്സിംഗ് പഠനം 21-ാം നൂറ്റാണ്ടിൽ ആരോഗ്യമേഘലയ്ക്ക് ഉതകുന്നില്ല. നിങ്ങൾക്ക് ഒരു പക്ഷേ നഴ്സിംഗിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും, വർഷങ്ങളോളമുള്ള പ്രവർത്തന പരിചയവും ഉണ്ടെങ്കിൽ പോലും ചിലപ്പോൾ നിങ്ങളുടെ സി.വി. പിന്തള്ളപ്പെടാം....
എന്തുകൊണ്ട് നിങ്ങൾ സ്വപ്നം കാണുന്ന ഉന്നത വിദ്യാഭ്യാസ പദവിയിലേക്ക് എത്തിക്കൂടാ.........? GNM കഴിഞ്ഞവർക്ക് നേരിട്ട് രണ്ടു വർഷം കൊണ്ട് വളരെ ചുരുങ്ങിയ ചിലവിൽ P.C.B.Sc Nursing Degree കരസ്ഥമാക്കാം. B.Sc. Nursing കഴിഞ്ഞവർക്ക് രണ്ട് വർഷം കൊണ്ട് Pediatric, Medical & Surgical, Maternity, Community Health, Psychiatric എന്നീ ശാഖകളിൽ M.Sc. Nursing നേടാം. M.Sc. Nursing നേടിയവർക്ക് Research ലൂടെ Nursing Ph.D കരസ്ഥമാക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

FOR COUNSELLING & ADMISSION
98471 43030

P.C.B.Sc NURSING
Regular & Correspondance

M.Sc NURSING
Regular & Correspondance





Least Package ● Fees in Easy Installments ● Loan facility

DISHAA FOUNDATION
2nd Floor, sankaramangalam bldgs,
Cross junction, Thiruvalla - 1
0469-3250555, 3268555
dishaafoundation@hotmail.com
www.dishaafoundation.com
facebook /dishaafoundation


# അപകടത്തിന്റെ സുവിശേഷം?

5-ാം പേജ് തുടർച്ച

Destined to Reign എന്ന തന്റെ പുസ്തകത്തിലെ ഒരു പ്രസ്താവന ശ്രദ്ധിക്കുക. "നീ ജീവിതത്തിൽ വാഴാനുള്ളവനാണ്, നീ കർത്താവിനാൽ വിളിക്കപ്പെട്ടതു തന്നെ വിജയിക്കുവാനാണ്, സമ്പത്ത് ആസ്വദിക്കാനാണ്. ആരോഗ്യം അനുഭവിക്കാനുള്ളതാണ്, വിജയജീവിതം ആഘോഷിക്കാനുള്ളതാണ്." ഈ വാചകത്തിൽ പ്രത്യേകിച്ച് അപകടമൊന്നുമില്ല. പെന്തെക്കോസ്ത് പ്രസംഗകരും അധികം ഇത് എതിർക്കാനിടയില്ല. ഇതെല്ലാം ഭൂരിപക്ഷം ചെയ്യുന്നതും ഭൂരിപക്ഷം പ്രസംഗിക്കുന്നതുമാണ്.

എന്നാൽ ജോസഫ് പ്രിൻസ് പറയുന്നതിൽ ഒരു ചെറിയ പ്രശ്നമുണ്ട്. നമുക്ക് ദൈവം നേരത്തെ തന്നെ എല്ലാം ചെയ്താണ് വച്ചിരിക്കുന്നത്. പക്ഷേ ഇത് 'പ്രാപിക്കണം'!. (കൃപയിൽ നിന്ന് മാറി പ്രവർത്തിയിലേക്ക് പോയോ!). കൂടുതൽ പ്രാപിക്കുന്നവൻ കൂടുതൽ വിശ്വാസം പ്രയോഗിച്ചവൻ. പോൾ യോംഗിച്ചോ മുതലുള്ളവരുടെ ഉപദേശം ജോസഫ് പ്രിൻസിൽ കുരുങ്ങിക്കിടക്കുന്നത് ഇവിടെക്കാണാം. കഷ്ടത ദൈവത്തിന്റെ പദ്ധതി അല്ല. രോഗവും അങ്ങനെ തന്നെ അല്ല. അങ്ങനെയാണെങ്കിൽ നീ കൃപയിൽ വാഴുന്നവനല്ല. കൃപയിൽ വാഴുന്നവൻ രാജാവാണ്. അവൻ വാണുകൊണ്ടിരിക്കയാണ്. ഇത് അംഗീകരിക്കാമെന്ന് തന്നെയിരിക്കട്ടെ! അപ്പോൾ പ്രശ്നം പൗലോസിന്റെ ജീവിതമാണ്. അദ്ദേഹം തന്നെ എഴുതി വച്ച ലേഖനങ്ങൾ തന്നെ നോക്കുക. നാല് ലേഖനം എഴുതിയത് ജയിലിൽ നിന്ന്. 2കൊരി.11:23-28 വരെ വായിക്കുക. കഷ്ടതയുടെ പട്ടിക തന്നെ നിരത്തിയിരിക്കുന്നു. അവസാനം കാരാഗൃഹത്തിൽ വച്ച് തന്നെ ശിരഛേദം ചെയ്യപ്പെട്ട പൗലോസ് എന്തു കൊണ്ട് 'പ്രാപിച്ചില്ല'? വിശ്വാസം കുറവായിരുന്നോ? കൃപയില്ലായിരുന്നോ? എന്തിന് ആവശ്യമില്ലാത്ത ശൂലവുമായി താൻ നടന്നു? ഇവിടെയൊക്കെയാണ് കുഴപ്പം സംഭവിക്കുന്ന ഭാഗങ്ങൾ.

ചില പെന്തെക്കോസ്തുകാർ പറയുന്നതു പോലെ കഷ്ടതക്ക് വേണ്ടിയാണ് നാം ജനിച്ചതെന്ന ആശയത്തോട് ഒട്ടും യോജിക്കാനാവില്ല. ഓരോ വ്യക്തിയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഓരോ ഉദ്ദേശത്തിനു വേണ്ടിയാണ്. അനേകം ചെടികളും മരങ്ങളുമുള്ള ഭൂമി ഒന്നു നോക്കിയേ. നീണ്ടകാലം വളർന്നുയർന്നു നില്ക്കുന്ന കരിവീട്ടി, തേക്ക്, ആഞ്ഞിലി, എന്നും മുറിവേല്ക്കുന്ന റബ്ബർ മരം, കൂർത്തു മൂർത്ത കമ്പി കൊണ്ട് കുത്തേൽക്കുന്ന കുന്തിരിക്കമരം, സുന്ദരമായ പൂവ് നില്ക്കുന്ന റോസാച്ചെടി, അപ്പോൾത്തന്നെ ആർക്കും അടുക്കാൻ കഴിയാത്ത മുള്ളുകൾ ശരീരത്തിൽ. ദൗത്യം കഴിഞ്ഞ് ചവറ്റുകുട്ടയിൽ പോകുന്ന കറിവേപ്പില.

ദൈവം നമ്മിൽ വച്ചിരിക്കുന്ന ഉദ്ദേശ്യം നിവൃത്തിക്കാനുള്ള ദൈവപദ്ധതിയാണ് ദൈവകൃപ. പാപത്തിൽ നിന്നും വിടുവിക്കുവാൻ കൃപ നമ്മെ സഹായിച്ചു. ഒരു തെറ്റ് വന്നാൽ കൃപ നൽകി നമ്മെ യഥാസ്ഥാനപ്പെടുത്തും. ലക്ഷ്യത്തിൽ തളർന്നു പോകാതെ കൃപ നമ്മെ ശക്തീകരിക്കും. ഉദ്ദേശത്തിന്റെ ഭാഗമായുള്ള യാത്രയിലെ കഷ്ടങ്ങളിൽ കൃപ നൽകി കർത്താവ് സഹായിക്കും. കൃപയെന്നത് ശാക്തീകരണമാണ് (Empowerment). ഓരോരുത്തർക്ക് വഹിക്കുവാനുള്ള ക്രൂശ് അവരുടെ കിരീടത്തിലേക്ക് യാത്രയിൽ എടുത്തേ മതിയാവൂ. കുരിശിന് വേണ്ടിയുള്ളതല്ല നമ്മുടെ ജീവിതം. കിരീടത്തിലേക്കുള്ള യാത്രയാണ് നമ്മുടെ ലക്ഷ്യം. 'തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്ത് അപമാനം അലക്ഷ്യമാക്കി....' (എബ്രായർ 12). യേശു ഓർത്തത് സന്തോഷം മാത്രമായിരുന്നു. ലക്ഷ്യം കഷ്ടതയായിരുന്നില്ല. പെന്തെക്കോസ്തുകാർ തിരുത്തേണ്ടതും ഇവിടെയാണ്.

ചില വ്യാഖ്യാനങ്ങളാണ് ജോസഫ് പ്രിൻസിനെ അപകടത്തിന്റെ മേഖലയിലേക്ക് തള്ളിവിടുന്നത്, അതൊരു സന്ദേഹം മാത്രം. പതിനായിരങ്ങളെ കർത്താവിലേക്കും ദൈവവചനത്തിലേക്കും ആകർഷിക്കുന്ന ജോസഫ് പ്രിൻസിനെ കരങ്ങളിൽ വച്ച് പ്രാർത്ഥിക്കാം. വിമർശിക്കുമ്പോഴും അവരുടെ ഉപദേശങ്ങളെ ഇഴകീറി നോക്കുമ്പോഴും അവരെ നേടാനല്ലേ നാം ആഗ്രഹിക്കുന്നത്; നഷ്ടപ്പെടാനല്ലല്ലോ? നാം ന്യായപ്രമാണത്തിനല്ല കൃപക്കത്രേ അധീനർ (റോമർ 6:15). ചെറിയ പാളിച്ചകൾ ഉണ്ടെങ്കിലും ഒരു ദുരുപദേശം എന്ന് പറഞ്ഞ് മാറ്റി നിർത്തത്തക്ക അപകടം റാഡിക്കൽ ഗ്രെയിസിന് ഇല്ല എന്നാണ് എന്റെ അഭിപ്രായം.

## തിരുത്ത്

കഴിഞ്ഞ ലക്കം ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച ഐ.പി.സി.ജമ്മു-കാഷ്മീർ മിഷൻ സെന്റർ ഭാരവാഹികൾ എന്ന വാർത്തയിൽ ചില തെറ്റുകളുണ്ടായിട്ടുണ്ട്. തെറ്റ് തിരുത്തി ആ വാർത്ത പുനഃപ്രസിദ്ധീകരിക്കുന്നു

**ജമ്മു-കാഷ്മീർ:**2013 ഒക്ടോബർ മാസം 9-ന് ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ ഐ.പി.സി.ജമ്മു-കാഷ്മീർ മിഷൻ സെന്റർ രൂപീകരിച്ചു. താഴെപ്പറയുന്നവരെ മിഷൻ ഭാരവാഹികളായി തിരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ മാത്യു കെ.ഏബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ തിമൊഥെയോസ് ജോസഫ്, സെക്രട്ടറി പാസ്റ്റർ പി.ആർ. ആന്റണി, ജോ. സെക്രട്ടറി പാസ്റ്റർ വിനോദ് വിക്ടർ, ട്രഷറാർ കം.മിഷൻ കോർഡിനേറ്റർ പാസ്റ്റർ സി.എം.വർഗീസ്, പി.വൈ.പി.എ.പ്രസിഡന്റ് പാസ്റ്റർ ബെന്നി തോമസ്, സൺഡേസ്കൂൾ പ്രസിഡന്റ് പാസ്റ്റർ യോനാഥാൻ സാംബയാൽ, സോദരീസമാജം പ്രസിഡന്റ് സിസ്റ്റർ വത്സമ്മ ജോസഫ്. തദവസരത്തിൽ ഐ.പി.സി.ഹിമാചൽ സെക്രട്ടറി പാസ്റ്റർ എം.എം. ജോൺ, പാസ്റ്റർ ജെയിംസ് ജോൺ, സിസ്റ്റർ അന്നമ്മ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.


21-ാമത് ചെറുവക്കൽ കൺവൻഷൻ
ന്യൂ ലൈഫ് ഗ്രൗണ്ട്, ചെറുവക്കൽ
എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ
2013 ഡിസംബർ 22 മുതൽ 29 വരെ
പ്രസംഗകർ
പാസ്റ്റർ ജോൺസൺ ഡാനിയേൽ
പാസ്റ്റർ കെ. ജെ. മാത്യു
പാസ്റ്റർ രാജേഷ് ഏലപ്പാറ
പാസ്റ്റർ ജോൺസൺ മേമന
പാസ്റ്റർ പി. സി. ചെറിയാൻ
പാസ്റ്റർ വർഗ്ഗീസ് എബ്രഹാം
പാസ്റ്റർ ജോർജ്ജ് കോവൂർ
പാസ്റ്റർ സുരേഷ് ബാബു
പാസ്റ്റർ പി. എ. മാത്യു
സംഗീതം: ശാലോം വോയിസ്, പത്തനാപുരം





നേതൃത്വം നൽകുന്നവർ





റവ. ഡോ. പി. എസ്. പ്രിൻസ് പാ. ജി. തോമസ്കുട്ടി പാ. തോമസ് ജോൺ
ഈ അനുഗ്രഹീത ദൃശ്യാനുഭവം വി-സ്ക്വയർ ടിവിയിലൂടെ ലോകമെമ്പാടും
സന്ദർശിക്കുക VSQUARETV Live streaming portal
www.vquaretv.com
www.vsquare.tv
ഏവർക്കും സ്വാഗതം
കൂടുതൽ വിവരങ്ങൾക്ക് : 0474 2671114, 9495474034, 8907457555

# തീരദേശ മിഷൻ സഹായം നൽകി




കോഴിക്കോട്: ഐ.പി.സി.സംസ്ഥാന തീരദേശ മിഷൻ ബോർഡിന്റെ തീരദേശ സമ്മേളനവും സഹായവിതരണവും കോഴിക്കോട് ഫിലദൽഫ്യാ ഹാളിൽ നടന്നു. ചെയർമാൻ പാസ്റ്റർ ജോൺ റിച്ചാർഡിന്റെ അധ്യക്ഷതയിൽ പാസ്റ്റർ എം.പി.ജോർജ്ജുകുട്ടി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ വർഗീസ് മത്തായി മുഖ്യസന്ദേശം നൽകി.

എറണാകുളം മുതൽ കാസർഗോഡു വരെയുള്ള ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒമ്പത് സുവിശേഷകന്മാർക്ക് മാസം തോറുമുള്ള സഹായത്തിന്റെ ആദ്യഗഡു വിതരണം ചെയ്തു. സെക്രട്ടറി പീറ്റർ മാത്യു കല്ലൂർ, ട്രഷറാർ പി.പി.ജോൺ, സജി മത്തായി കാതേട്ട്, ജോസ് ജോൺ കായംകുളം, പാസ്റ്റർ മോനി ചെന്നിത്തല, സന്തോഷ് മാത്യു, വി.ടി.അന്ത്രയോസ്, പാസ്റ്റർ കെ.വി.ഷിജു, റോയി മാത്യു ചീരൻ എന്നിവർ പ്രസംഗിച്ചു.

# സത്യം പബ്ലിക്കേഷൻസ് ക്രിസ്തുമസ് പുസ്തകമേള

തിരുവല്ല: സത്യം പബ്ലിക്കേഷൻസ് ക്രിസ്തുമസ് പുസ്തകമേള ഡിസംബർ 1-31 വരെ മനക്കച്ചിറ സത്യകൂടാരത്തിൽ നടക്കും. അമ്പതിനായിരത്തിലധികം ഇംഗ്ലീഷ്, മലയാളം ഗ്രന്ഥങ്ങളുടെ പ്രദർശനവും വില്പനയുമാണ് ക്രമീകരിച്ചിരിക്കുന്നത്. പുസ്തകങ്ങൾക്ക് പ്രത്യേക വിലക്കിഴിവ് ഏർപ്പെടുത്തിയിട്ടുണ്ട്. അഞ്ച് പുതിയ പുസ്തകങ്ങളുടെ പ്രകാശനവും നടക്കും.

സത്യം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഇംഗ്ലീഷ്-മലയാളം, ഇംഗ്ലീഷ് - ഹിന്ദി ദ്വിഭാഷാ പഠന ബൈബിൾ, റയറി സ്റ്റഡി ബൈബിൾ മുതലായവ കൂടാതെ ബൈബിളിന്റെ 400 വ്യത്യസ്ത പരിഭാഷകൾ, 20 വ്യത്യസ്ത മലയാളം ബൈബിൾ തർജ്ജമകൾ, ബൈബിൾ കമന്ററികൾ, ബൈബിൾ പഠന ഗ്രന്ഥങ്ങൾ, സങ്കീർത്തന ഭാഷ്യം, വ്യാഖ്യാന പുസ്തകങ്ങൾ, വേദശാസ്ത്ര സഹായ ഗ്രന്ഥങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, ബൈബിൾ എൻസൈക്ലോപീഡിയ, വാക്യബോർഡുകൾ, സ്റ്റിക്കറുകൾ, സി.ഡികൾ, വി.സി.ഡികൾ, എം.പി. ത്രികൾ എന്നിവ വില്പനക്കുണ്ട്. നിരവധി വിദേശ പ്രസാധകരുടെ ഗ്രന്ഥങ്ങൾ പ്രദർശനത്തിനുണ്ടാകും.

# ഐ.പി.സി. നോർത്തേൺ റീജിയൻ ഓർഡിനേഷൻ

ന്യൂഡൽഹി: ഐ.പി.സി.നോർത്തേൺ റീജിയൻ 43-ാമത് ജനറൽ കൺവൻഷനോടനുബന്ധിച്ച് നടന്ന ശുശ്രൂഷക സമ്മേളനത്തിൽ ഡൽഹി, ബീഹാർ, ഒറീസ, മഹാരാഷ്ട്രാ, നാഗലാൻഡ്, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നും നേപ്പാളിൽ നിന്നുമുള്ള ഒമ്പത് സുവിശേഷകർക്ക് ഓർഡിനേഷൻ നൽകി. ഐ.പി.സി.എൻ.ആർ പ്രസിഡന്റ് പാസ്റ്റർ സാമുവേൽ ജോണിന്റെ അധ്യക്ഷതയിൽ നടന്ന ശുശ്രൂഷയിൽ പാസ്റ്റർമാരായ ജേക്കബ് ജോൺ (ഐ.പി.സി.ജനറൽ പ്രസിഡന്റ്), ലാജി പോൾ, സാമുവേൽ തോമസ്, പി.എം.ജോൺ, സി.പി.ടൈറ്റസ്, ജി. ജോയിക്കുട്ടി എന്നിവർ ശുശ്രൂഷക്ക് നേതൃത്വം നൽകി.

# കൺവൻഷൻ

ചാലക്കുടി: എ.ജി. ചാലക്കുടി സെക്ഷന്റെ കൺവൻഷൻ മുനിസിപ്പൽ ഗ്രൗണ്ടിൽ ഡിസംബർ 13-15 വരെ നടക്കും. ഡോ.മാത്യു ജോർജ്, റവ.റ്റി.ജെ.സാമുവൽ, റവ.കെ.ജെ. തോമസ് എന്നിവർ പ്രസംഗിക്കും.

# സഭകളുടെ ലോക കൗൺസിലിൽ

1-ാം പേജ് തുടർച്ച

യോംഗിചോയുടെ സഭയുടെ സീനിയർ പാസ്റ്ററും കൊറിയൻ അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ സൂപ്രണ്ടുമായ ഡോ. യംഗ് ഹ്യൂൺ ലീ ആയിരുന്നു. ചരിത്രത്തിലാദ്യമായാണ് ഡബ്ല്യു.സി.സി. സംഘാടകരുടെ കൂട്ടത്തിൽ പെന്തെക്കോസ്ത് സാന്നിധ്യമുണ്ടാകുന്നത്. 'നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ? ' എന്ന അപ്പൊ.പ്രവ. 2 അടിസ്ഥാനമാക്കി അദ്ദേഹം സംയുക്ത ആരാധനയിൽ പ്രസംഗിച്ചു.

കൊലാലംപൂരിൽ നിന്നുള്ള പെന്തെക്കോസ്ത് പ്രസംഗകനും, വേൾഡ് പെന്തെക്കോസ്ത് കോൺഫ്രൻസിന്റെ ചെയർമാനുമായ റവ.ഡോ. പ്രിൻസ് ഗുണരത്നമാണ് പ്രധാന സന്ദേശങ്ങളിലൊന്ന് നൽകിയത്. 600 മില്യൺ പെന്തെക്കോസ്തുകാരെയാണ് താൻ പ്രതിനിധീകരിക്കുന്നതെന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. കാന്റർബറി ആർച്ച് ബിഷപ്പിനോടൊപ്പമാണ് അദ്ദേഹം വേദി പങ്കിട്ടത്. ഇന്ത്യയിലെ സഭകളുടെ കൗൺസിലായ നാഷണൽ ക്രിസ്ത്യൻ കൗൺസിലിലോ, കേരളത്തിലെ സഭകളുടെ കൗൺസിലായ കെ.സി.സിയിലോ ഇതുവരെ പെന്തെക്കോസ്ത് സഭകൾക്ക് അംഗത്വം എടുക്കുവാൻ തയ്യാറായിട്ടില്ലെന്നതു കൂടെ പരിഗണിക്കുമ്പോൾ ഡബ്ല്യു.സി.സി.യിൽ നിരീക്ഷകരായാണെങ്കിലും ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന് ക്ഷണം ലഭിച്ചതും സഭ അത് സ്വീകരിച്ച് പ്രതിനിധിയെ അയച്ചതും സഭാ ചരിത്രത്തിലെ നിർണ്ണായകമായൊരു ഏടാണെന്നതിന് സംശയമില്ല.

# നോർത്തേൺ റീജിയൻ വീണ്ടും ഐ.പി.സിയിൽ

1-ാം പേജ് തുടർച്ച


പി.ജെ.ജേക്കബ് (ജോ.സെക്രട്ടറി)


കെ.വി.പോൾ (അസി.ട്രഷറാർ)

ൺ റീജിയനെ ഐ.പി.സിയുടെ ഭാഗമാക്കുവാൻ തീരുമാനിച്ചതിനെ ഐ.പി.സി.യുടെ വിവിധ മേഖലയിലുള്ള നേതാക്കൾ സന്തോഷത്തോടെ സ്വാഗതം ചെയ്തു. വരുന്ന കുമ്പനാട് കൺവൻഷനിൽ റീജിയന്റെ നേതാക്കൾക്ക് ഇടം ലഭിച്ചതായും അറിയുന്നു.

**ഐ.പി.സി.നോർത്തേൺ റീജിയൻ റവ.സാമുവേൽ ജോൺ പ്രസിഡന്റ്**

ന്യൂഡൽഹി: ഐ.പി.സി.നോർത്തേൺ റീജിയൻ പ്രസിഡന്റായി റവ.സാമുവേൽ ജോണും സെക്രട്ടറിയായി പാസ്റ്റർ ജി.ജോയിക്കുട്ടിയും തിരഞ്ഞെടുക്കപ്പെട്ടു. 43-ാമത് ജനറൽ കൺവൻഷനോടനുബന്ധിച്ച് നടന്ന പ്രതിനിധി സമ്മേളനമാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. വർക്കിംഗ് പ്രസിഡന്റ് പാസ്റ്റർ പി.എം.ജോൺ, പാസ്റ്റർ സാമുവേൽ തോമസ്, പാസ്റ്റർ ലാജി പോൾ - വൈസ് പ്രസിഡന്റുമാർ, എം.ജോണിക്കുട്ടി ട്രഷറാർ, പി.ജെ.ജേക്കബ് -ജോ.സെക്രട്ടറി, കെ.വി.പോൾ-അസി.ട്രഷറാർ എന്നിവരാണ് മറ്റു ഭാരവാഹികൾ.

# യു.പി.എഫ്. വാർഷികം

ചങ്ങനാശ്ശേരി: യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് 14-ാമത് വാർഷികം ഡിസംബർ 22ന് ഇടിഞ്ഞില്ലം ഇന്ത്യാ ദൈവസഭ പ്രെയർ സെന്ററിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ സണ്ണി സഖറിയാ അധ്യക്ഷത വഹിക്കും. സുവി.പി.ഐ.ഏബ്രഹാം പ്രസംഗിക്കും.


**അത്ഭുതകരമായ ദൈവിക വിടുതൽ കൺവൻഷൻ മെസേജുകൾക്ക്**

**പ്രയർസെന്റർ 24 hours**

നിങ്ങൾ അനുഭവിക്കുന്ന ഏത് പ്രശ്നങ്ങൾക്കും ദൈവാത്മാവിന്റെ ആലോചന പ്രകാരം പ്രാർത്ഥിച്ച് അത്ഭുത വിടുതലുകൾ ദൈവം നൽകുന്നു. നിങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വിഷയങ്ങൾക്കും ബന്ധപ്പെടുക.

Nigil Varghese, Sharon Gospel Ministries, ARA Complex,
Kuttippady Junction, Mannanam, Kottayam-686 501
Mobile No.9605829827, 9946459441, 9747492830,



**GLORIA MISSION**
(Reg:No.238/PIV/2010)
Railway Stn:East, Tiruvalla P.O. Pathanamthitta, Kerala-689101
Ph:0469-2600407, Cell: 9446755437, 8156820550
Web: www.gloriamission.com Email: gloriamission56@yahoo.co.in, prkmv25@yahoo.com

**ആശംസകൾ**

ഗ്ലോറിയാ മിഷൻ സമൂഹത്തിലെ പാവങ്ങൾക്കും അഗതികൾക്കും വേണ്ടി നിലകൊള്ളുകയും അവരെ സഹായിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ജീവകാരുണ്യപ്രസ്ഥാനമാണ്. ജാതി-മത വേർതിരിവില്ലാതെ സമൂഹത്തിലെ അവശത അനുഭവിക്കുന്നവർക്ക് ഗ്ലോറിയാ മിഷൻ സഹായമെത്തിക്കുന്നു.

എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട അനാഥർക്ക് വേണ്ടിയും തെരുവിൽ അലയുന്നവർക്ക് വേണ്ടിയും ഗ്ലോറിയാ മിഷന്റെ നേതൃത്വത്തിൽ തിരുവല്ലാ കേന്ദ്രമായി ഒരു കാരുണ്യ ഭവനം നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഉദാരമായതും വിലയേറിയതുമായ സാമ്പത്തിക സഹായ സഹകരണങ്ങൾ ഈ സാക്ഷാത്ക്കാരത്തിന് ആവശ്യമാണ്. ആയതിനാൽ കാരുണ്യ ഭവനത്തിന് വേണ്ടി താങ്കൾ നിർലോഭമായ സംഭാവനകൾ നൽകണമെന്ന് അപേക്ഷിക്കുന്നു. അതോടൊപ്പം താങ്കളുടെ നിർദ്ദേശങ്ങളും പ്രാർത്ഥനയും ഈ പ്രസ്ഥാനത്തിന്റെ നല്ല പ്രവർത്തനത്തിന് മുതൽക്കൂട്ടാണ്. നിങ്ങളുടെ സംഭാവനകൾ ഗ്ലോറിയാ മിഷൻ എന്ന പേരിൽ (ചെക്ക്, ഡ്രാഫ്റ്റ്, മണി ഓർഡറുകൾ) അയക്കുക.

നിങ്ങൾ ഗ്ലോറിയാ മിഷന് നൽകുന്ന സംഭാവനകൾക്ക് നികുതി ഇളവ് ലഭിക്കുന്നതാണ്. (U/S/80G C.No.305/T80.G/g/CIT-KTM/10-11 dtd 25/1/2011)

വിശ്വസ്തതയോടെ

ഒപ്പ്
**പാസ്റ്റർ കെ.എം.വർഗീസ്**
(മാനേജിംഗ് ട്രസ്റ്റി)

ഒപ്പ്
**ജോം ജോസഫ്**
(സെക്രട്ടറി)



**ആവശ്യമുണ്ട്**

ഷാർജയിലുള്ള പെന്തെക്കോസ്ത് കുടുംബത്തിൽ താമസിച്ച് കുട്ടികളെ നോക്കുന്നതിനും വീട്ടുജോലി ചെയ്യുന്നതിനും ഒരു സഹോദരിയെ ആവശ്യമുണ്ട്. മാന്യമായ ശമ്പളം നൽകും.

9526885556, 04734-228556



മാത്യു പാലത്തുങ്കൽ രചിച്ച
**101 പ്രസംഗങ്ങൾ**
ആത്മപ്രചോദിതം ! ആശയസമ്പുഷ്ടം !!



വാക്യങ്ങളുടെ പശ്ചാത്തലം, ഭൂമിശാസ്ത്രം, മൂലഭാഷകളുടെ അർത്ഥം, കഥകളും ഉദാഹരണങ്ങളും അതിലധികവും ...

300 പേജ് 150 രൂപ

Gilgal Creations, Post Box 27, Kuttapuzha P. O. Thiruvalla-689 103
Mob. 9495238069; gilgalcreations@gmail.com
തപാലിൽ ലഭിക്കുവാൻ 150 രൂപ M.O./DD (in favour of Mathew P. G.) അയയ്ക്കുക.
പോസ്റ്റേജ് സൗജന്യം



**Attention NURSES**

ONE DECADE OF EXCELLENT SERVICES IN COUNSELLING, GUIDANCE & ADMISSION

നിങ്ങൾ സ്വപ്നം കാണുന്ന ഉയരങ്ങളിലെത്തുവാൻ ഇപ്പോഴത്തെ നിങ്ങളുടെ വിദ്യാഭ്യാസം കുറവെന്ന് തോന്നുന്നുവോ? നിങ്ങൾക്കും നേടാം നേഴ്സിംഗ് മേഖലയിൽ ഉയർന്ന തസ്തികയും ശമ്പളവും... **ജനറൽ നേഴ്സിംഗ് കഴിഞ്ഞവർക്ക് ജോലിയോടൊപ്പം പഠനവും നടത്തി ഡിഗ്രി കരസ്ഥമാക്കാം(P.C.B.Sc). ബി. എസ്. സി നഴ്സിംഗ് കഴിഞ്ഞവർക്കും എം. എസ്. സി. നഴ്സിംഗിനും സുവർണ്ണാവസരം.....**

**P.C. B.Sc.(N) | M.Sc.(N)**

REGULAR & CORRESPONDENCE

CALL @ 9947963438 9847170530



CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

AMPRAYIL BLDGS, YMCA JN.,T.K. ROAD
THIRUVALLA PH 0469-2620999, 2606002
Email: careereducationtvla@gmail.com

## യാത്രയായവർ

### പാസ്റ്റർ ഗീവർഗീസ് രാജൻ



കൊട്ടാരക്കര: ഐ.പി.സി.കുന്നത്തൂർ ഏരിയാ ശുശ്രൂഷകൻ കൊട്ടാരക്കര കരിക്കം പെനിയൽ ബംഗ്ലാവിൽ പാസ്റ്റർ ഗീവർഗീസ് രാജൻ (രാജൻ വർഗീസ് -71)നിര്യാതനായി. ആനയം പ്ലാവിളവീട്ടിൽ കുടുംബാംഗമാണ്. സംസ്കാരം കരിക്കം സെമിത്തേരിയിൽ നടന്നു.

ഭാര്യ: വെട്ടിക്കവല ചരുവിള പുത്തൻവീട്ടിൽ റൂത്തമ്മ രാജൻ മക്കൾ: സാം വർഗീസ് (കേരളപെന്തക്കോസ്തൽ അസംബ്ലി എഡ്മണ്ടൻ, കാനഡാ), സാം ജി. രാജൻ (സൗദി അറേബ്യാ),സൂസൻ ജേക്കബ് (കാനഡാ),സാന്റി കെ. കോശി (പത്തനാപുരം), ഷേറൻ പീറ്റർ (പെരുമ്പാവൂർ), മരുമക്കൾ:ലീനാ (കാനഡാ), മിനി (സൗദിഅറേബ്യാ), ജേക്കബ് വി.ഈപ്പൻ (കാനഡാ),പാസ്റ്റർ കോശി കെ.കുര്യൻ (അംസംബ്ലീസ് ഓഫ് ഗോഡ് അഞ്ചൽ), പാസ്റ്റർ പീറ്റർ പോൾ (പെരുമ്പാവൂർ)

സംസ്കാര ശുശ്രൂഷകൾക്ക് പാസ്റ്റേഴ്സ് ബഞ്ചമിൻ വർഗീസ്, ജോർജ് ഡാനിയേൽ, ഷാജൻ പി.ചെറുവത്തൂർ എന്നിവർ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

### പാസ്റ്റർ കെ. റ്റി. ചാക്കോ



റാന്നി: ഡബ്ല്യു.എം.ഇ. സഭകളുടെ മുൻ ജനറൽ സെക്രട്ടറിയും പത്തനംതിട്ട-അടൂർ സെന്റർ പാസ്റ്ററുമായ റാന്നി മണ്ണാറത്തറയിൽ കണ്ടത്തുങ്കൽ കുടുംബാംഗം പാസ്റ്റർ കെ.റ്റി.ചാക്കോ (തങ്കച്ചൻ പാസ്റ്റർ) നിര്യാതനായി. സംസ്കാരം കരിയംപ്ലാവ് സെൻട്രൽ സെമിത്തേരിയിൽ പാസ്റ്റർ ഒ.എം.രാജുക്കുട്ടിയുടെ നേതൃത്വത്തിൽ നടന്നു. കേരളത്തിന്റെ മിക്ക ജില്ലകളിലും സഭാശുശ്രൂഷകനായി പ്രവർത്തിച്ചു. സഭാശുശ്രൂഷകൻ, സെന്റർ പാസ്റ്റർ, ജനറൽ കൗൺസിൽ അംഗം, കൺവൻഷൻ പ്രസംഗകൻ, ബൈബിൾ കോളേജ് അദ്ധ്യാപകൻ, സഭാ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ അന്നമ്മ കുന്നം കുളത്തുങ്കൽ കുടുംബാംഗമാണ്. മക്കൾ: കുഞ്ഞുമോൾ (ബറോഡ), കെ. സി. മാത്യു, മറിയാമ്മ, ജോസ്, വത്സൻ, സൂസൻ. മരുമക്കൾ: കുഞ്ഞുമോൻ, വത്സമ്മ, പാസ്റ്റർ പി.കെ.രാജു (ഡബ്ല്യു.എം.ഇ.അടിച്ചിപ്പുഴ), സാലു, ജോയിമോൻ, മോനി.

### പാസ്റ്റർ കോശി സാമുവേൽ



ഡാളസ്: പുനലൂർ വൻവിള ആറ്റുകൽ കുടുംബാംഗം പാസ്റ്റർ കോശി സാമുവേൽ (അച്ചൻകുഞ്ഞ്-65) ഡാളസിൽ നിര്യാതനായി. ഡാളസിലെ കവനന്റ് ചർച്ചിലെ സഹശുശ്രൂഷകനും മിഷണറിയുമായിരുന്നു. പാസ്റ്റർ പി.ജെ.ഡാനിയേലിന്റെ (മാവേലിക്കര) മകൾ ഡെയ്സിയാണ് ഭാര്യ. മക്കൾ സിലു, സിനി മരുമക്കൾ: ഡോ. ജോൺസൺ ജോർജ്ജ്, കെവിൻ

### മേരി ജോർജ്ജ്



കോഴഞ്ചേരി: പുന്നക്കാട് പടിഞ്ഞാറ്റയിൽ പാസ്റ്റർ പി.എം.ജോർജ്ജിന്റെ ഭാര്യ മേരി ജോർജ്ജ് നിര്യാതയായി. വള്ളംകുളം വടക്കുംകര വി.എസ്.ഫിലിപ്പിന്റെയും ഏലിയാമ്മ ഫിലിപ്പിന്റെയും മകളാണ്. മക്കൾ: സുജ (ഓസ്ട്രേലിയ), സജി (ഭോപ്പാൽ), ബിനു (ഡാളസ്) മരുമക്കൾ: ജോൺസൺ ഫിലിപ്പ്, റ്റി. തോമസ്, ഫിന്നി തോമസ്,

### മേരിക്കുട്ടി



നിരണം: ഇരുമനശ്ശേരിൽ പരേതനായ എം.കെ.കോശിയുടെ ഭാര്യ മേരിക്കുട്ടി (82) നിര്യാതയായി. സംസ്ക്കാരം 2013 നവം.8 വെള്ളി അംസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ കുത്തിയതോട് സെമിത്തേരിയിൽ നടന്നു.

മക്കൾ: മറിയാമ്മ സാമുവേൽ, സാറാമ്മ, ഏബ്രഹാം കോശി, പാ.മാത്യൂസ് കോശി (കുണ്ടറ എ.ജി.സഭാ ശുശ്രൂഷകൻ, സെക്ഷൻ പ്രസ്ബിറ്റർ), ജോൺ കോശി, സൂസൻ.

മരുമക്കൾ: റവ.റ്റി.ജെ.സാമുവൽ (എ.ജി.അഖിലേന്ത്യാ ജന.സെക്രട്ടറി), പാസ്റ്റർകെ.റ്റി.വർഗീസ്, ഏലിയാമ്മ, റൂബി, സൂസൻ, പാസ്റ്റർ റെജി പി. ജോൺ.

### മറിയം

കുന്നംകുളം: അയ്യംപറമ്പ് അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡ് സഭാംഗമായ പാറേമ്പാടം കോലാടി വാറുവിന്റെ മകൾ മറിയം (87) ഒക്ടോബർ 27-ന് നിര്യാതയായി.

## കൺവൻഷൻ

**കാട്ടാക്കട:** അരുവിക്കുഴി ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് സുവിശേഷ മഹായോഗം നവംബർ 15-17വരെ നടന്നു. പാസ്റ്റർമാരായ ഷമീർ (കൊല്ലം), ജെയ്സ് പാണ്ടനാട്, സിസ്റ്റർ ശ്രീലേഖ(മാവേലിക്കര) എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ശാമുവൽ ജോൺ നേതൃത്വം നൽകി.

**പേരൂർക്കട:** പേരൂർക്കട ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ നവംബർ 15-17 വരെ പേരൂർക്കട നഥാൻ ഹോട്ടലിൽ നടന്നു. റവ.ജോസ് ബേബി ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ കെ.തോമസ് ജോർജ്ജ് നേതൃത്വം നൽകി.

**കുന്നംകുളം:** അയ്യംപറമ്പ് അപ്പൊസ്തൊലിക് ചർച്ച് ഓഫ് ഗോഡിന്റെ കൺവൻഷൻ നവംബർ 29 മുതൽ ഡിസം. 1 വരെ നടന്നു. പാസ്റ്റർ സാമുവേൽ പോൾ നേതൃത്വം നൽകി.

## ആസ്ത്രേലിയായിൽ സ്വതന്ത്ര പെന്തെക്കോസ്ത് സഭകൾക്ക് ഐക്യവേദി

ബ്രിസ്ബേൻ: ആസ്ത്രേലിയായിലെ സ്വതന്ത്ര പെന്തെക്കോസ്ത് സഭകളുടെ കൂട്ടായ്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ക്യൂൻസ് ലാൻഡ് ഇൻഡിപെൻഡന്റ് പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ പ്രഥമ കൺവൻഷൻ നടന്നു. മധ്യപ്രദേശിലെ ഇറ്റാർസി സ്വദേശിയായ പാസ്റ്റർ ജോൺ തോമസാണ് ക്യൂൻസ് ലാൻഡ് സംസ്ഥാനത്തിലെ ആദ്യ മലയാളി പെന്തെക്കോസ്ത് സഭ സ്ഥാപിച്ചത്. നവംബർ 8-9 വരെ ക്രെയിഗ്സ്ലി സ്റ്റേറ്റ് ആഡിറ്റോറിയത്തിൽ നടത്തപ്പെട്ട കൺവൻഷനിൽ പാസ്റ്റർ കെ.എസ്.ഏബ്രഹാം പ്രസംഗിച്ചു. പാസ്റ്റർ ജോൺ തോമസ്(പ്രസിഡന്റ്), റായി ബി.ഉമ്മൻ (സെക്രട്ടറി), ബാബു പുളിയൻ (ട്രഷറാർ) എന്നിവർ നേതൃത്വം നൽകി.

## തിമഥി ഇൻസ്റ്റിറ്റ്യൂട്ട് സ്കൂളുകളിലേക്ക്

തിരുവല്ല: വർദ്ധിച്ചുവരുന്ന ബാലപീഡന പ്രവണതകൾക്കെതിരായി തിമഥി ഇൻസ്റ്റിറ്റ്യൂട്ട് കതരുതൽ എന്ന പേരിൽ സ്കൂളുകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ബാലപീഡനം എന്താണ് പല കുട്ടികൾക്കും അറിയില്ല: അതുകൊണ്ടു തന്നെ എതിർത്ത് നില്ക്കുന്നതിനോ, ഒഴിഞ്ഞു മാറുന്നതിനോ അവർക്ക് കഴിയുന്നില്ല. എന്താണ് പീഡനങ്ങൾ എന്ന് കുട്ടികളെ ബോധ്യപ്പെടുത്തുകയും ഏതെങ്കിലും പീഡനങ്ങൾക്ക് ഇരയായ കുട്ടികൾക്ക് സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയാണ് തിമഥി ഇൻസ്റ്റിറ്റ്യൂട്ട് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. സ്കൂളുകളിൽ 1 മണിക്കൂർ സമയം കൊണ്ട് മൾട്ടിമീഡിയയുടെ സഹായത്തോടെയാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. പപ്പറ്റ് ഷോ, മാജിക്ക്, ഗെയിമുകൾ തുടങ്ങി കുട്ടികൾക്ക് ഇഷ്ട്ടപ്പെടുന്ന മാധ്യമങ്ങളുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള ഈ പ്രോഗ്രാം ഇതിനോടകം തന്നെ 50-ഓളം സ്ക്കൂളുകളിൽ നടന്നു കഴിഞ്ഞു.

## സി.സി.വൈ.എം. ലീഡർഷിപ്പ് ക്യാമ്പ്

കല്ലിശ്ശേരി: ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യയുടെ യുവജന വിഭാഗമായ കംഫെർട്ടിംഗ് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ ലീഡർഷിപ്പ് ക്യാമ്പ് ഡിസംബർ 22-24 വരെ പാലാ, ഭരണങ്ങാനം ഹോശാന്നാ മൗണ്ട് ക്യാമ്പ് സെന്ററിൽ നടക്കും. ഡോ.ജെസ്സി ജെയ്സൺ, റവ. വി.പി.ഫിലിപ്പ്, റവ. സാം കെ. തോമസ്, സിസ്റ്റർ ലിസാമോൾ സുബി, എച്ച്.എം.ഐ. ഡയറക്ടർബോർഡ് അംഗങ്ങളായ പ്രൊഫ. ഡോ. ടി.സി. കോശി, പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി, പാസ്റ്റർ വി.ജെ. തോമസ്, ഇവാ. പി.സി. തോമസ്, ഇവാ. ടി.സി. മാത്യു, ഇവാ. ജോൺ പി. നൈനാൻ എന്നിവർ ക്ലാസ്സുകൾ നയിക്കും.


## പുതിയ കൂടിവരവ്



ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സിക്ക് സമീപം ഷൈൻ കോംപ്ലക്സിന്റെ മൂന്നാം നിലയിൽ ആറ്റിങ്ങൽ ബഥേൽ പ്രെയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ കുടിവരവ് നടക്കുന്നു. ഞായർ രാവിലെ 9.30 മുതൽ 1വരെയാണ് സഭായോഗം. ബാക്കി മീറ്റിംഗുകൾ ഭവനങ്ങളിൽ നടക്കും. പഠനത്തോടും ജോലിയോടുമുള്ള ബന്ധത്തിൽ ആറ്റിങ്ങൽ വരുന്നവർക്ക് ആത്മീയ കൂട്ടായ്മക്കായി

ബന്ധപ്പെടുക.: Pr.P.A.Abraham,Palackamattathu House
Attingal P.O., Thiruvananthapuram - 695101
**Ph: 9447452770**



## പവർ കട്ടോ?



പ്രമുഖ കമ്പനികളുടെ ഇൻവർട്ടറുകൾക്കും, ബാറ്ററികൾക്കും ബന്ധപ്പെടുക

Authorized dealer: Microtek, V Guard, Exide

**CROWN POWER SOLUTIONS, Kallissery**

**Phone: 9747560007, 9747560560**

Associate: Kottayam, Tiruvalla, Alappuzha, Kollam, Mallappally, Paippad

(പെന്തെക്കോസ്ത് വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം)



**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.

Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ., പത്തനംതിട്ട (Dist).**



# ELEOS MINISTRIES INDIA

Presented By

**KUSHI KA PAIGAAM**

*The good news of great joy*

**Date: Dec 20 to 25**

**Place: Eleos Prayer Home, Varanasi**



Speakers



Pr. Sherry Koshy (Kerala)

Pr. Mathew John (Varanasi)



## ARMY OF JESUS GOSPEL MINISTRIES

ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ 10,000ൽപ്പരം പ്രാർത്ഥനാ പോരാളികൾ നിരന്തരമായി പ്രാർത്ഥിക്കുന്നു. വിശ്വാസത്തോടുകൂടി വിളിക്കുക. പ്രത്യേകമായി കൗൺസലിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**പാസ്റ്റർ അനിയൻകുഞ്ഞ് ജോർജ്ജ്**

**ARMY OF JESUS GOSPEL MINISTRIES**

Malayattoor P.O.,
Kalady via Ernakulam Dt., Ph:
+91 9846821874,
armyofjesusprayergroup@gmail.com



# ഉടൻ പ്രസിദ്ധീകരിക്കുന്നു



കർണ്ണാടകയിലെ ഗ്രാമീണ ജനതയുടെ ജീവിത സ്പന്ദനങ്ങൾ ഒപ്പിയെടുത്ത് ക്രിസ്തീയ പശ്ചാത്തലത്തിൽ ഹൃദയ സ്പർശിയായി അവതരിപ്പിച്ചിരിക്കുന്ന ചെറുകഥാ സമാഹാരം

## മഴ തേടുന്ന വേഴാമ്പൽ

**ജോസഫ് കാടമല**

**9740979040**

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. **KL/KTM/209/2012-14**
Licence No. **KL/CR/KTM/WPP-28/2012-14**
Licensed to Post without Prepayment
Posted on 1st **December 2013 at RMS Kottayam**

# എ.ജി. ലഹരിവിരുദ്ധ കേരളയാത്ര



*എ.ജി.എം.ഡി.സി. എക്സിക്യൂട്ടീവ് അംഗം റവ.രാജൻ എബ്രഹാം കേരള യാത്ര പ്രാർത്ഥിച്ചു ഫ്ളാഗ് ഓഫ് ചെയ്യുന്നു.*

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ഇവാഞ്ചലിസം ഡിപ്പാർട്ടുമെന്റ് ലഹരിവിരുദ്ധ കേരളയാത്ര നടത്തി. മദ്ധ്യമേഖലയിലെ എല്ലാ ജില്ലകളിലും സഞ്ചാരം പൂർത്തിയാക്കിയ ടീം നവംബർ 11 ന് ഉത്തരമേഖലയിൽ പ്രവേശിച്ചു. ഒക്ടോബർ 7-ന് പുനലൂരിൽ റവ. എ. ബനാൻസോസ് പ്രാർത്ഥിച്ച് ആരംഭിച്ച യാത്ര റവ. രാജൻ എബ്രഹാം ഫ്ളാഗ് ഓഫ് ചെയ്തു. റവ.ഷൈജു തങ്കച്ചൻ ജാഥാ ക്യാപ്റ്റനായി പ്രവർത്തിക്കുന്നു. റവ. ഷാബു ജോൺ, റവ. ജോൺസൺ ചാക്കോ, റവ. മോഹനകുമാർ, റവ. ടി.ടി.സൈമൺ, ഇവ.രാജീവ് ജോൺ, റവ.ഷൈജു തങ്കച്ചൻ എന്നിവർ മുഖ്യ സന്ദേശം നൽകി.

# ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

## റവ. വത്സൻ എബ്രഹാം മുഖ്യപ്രസംഗകൻ







കുന്നന്താനം: മധ്യതിരുവിതാംകൂറിലെ പ്രമുഖ പെന്തെക്കോസ്ത് കൺവൻഷനുകളിലൊന്നായ ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് 4-ാമത് ജനറൽ കൺവൻഷൻ ജനുവരി 5-12 ഞായർ വരെ പാമല ഫെയ്ത്ത് ലീഡേഴ്സ് കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ജനറൽ പ്രസിഡന്റ് റവ. ദാനിയേൽ മാത്യു ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ റോയി ദാനിയേൽ മാത്യു (ജനറൽ സെക്രട്ടറി), റവ. വത്സൻ എബ്രഹാം, പാസ്റ്റർ പി. സി. ചെറിയാൻ, റാന്നി, പാസ്റ്റർ കെ. ജെ. തോമസ്, കുമളി തുടങ്ങിയവർ പ്രസംഗിക്കും. പൊതുയോഗങ്ങൾ, പവ്വർ കോൺഫറൻസ്, ഫ്ളാഗ് & സൺഡേസ്കൂൾ വാർഷിക സമ്മേളനം, ഫെയ്ത്ത് വുമൺസ് വാർഷിക സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, സ്നാനശുശ്രൂഷ, കർത്തൃമേശ, സംയുക്ത സഭായോഗം എന്നിവ കൺവൻഷനിൽ നടത്തപ്പെടും. പാസ്റ്റർ റോയി ദാനിയേൽ മാത്യു ജനറൽ കൺവീനറായി വിപുലമായ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. പാസ്റ്റർ സജി ചാത്തങ്കരി (പ്രെയർ), സുവി. ചാർളി ജോൺ (പബ്ലിസിറ്റി), ബ്രദർ രൂഫസ് ഏബ്രഹാം, പാസ്റ്റർ പോൾ കൃഷ്ണൻകുട്ടി, പാസ്റ്റർ പോൾസൺ, പാസ്റ്റർ സന്തോഷ് സൈമൺ, പാസ്റ്റർ ജോസ്. സി. ജോസഫ് (ഫുഡ്), പാസ്റ്റർ ജോസഫ് മാത്യു (വോളന്റിയേഴ്സ്), പാസ്റ്റർ പി.ജി വർഗ്ഗീസ് (ട്രാൻസ്പോർട്ടേഷൻ), ഇവാ. പാപ്പച്ചൻ (പന്തൽ), പാസ്റ്റർ അനീഷ് ഉലഹന്നാൻ (മ്യൂസിക്), എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു. ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് അന്തർദേശീയ സംഗീത വിഭാഗമായ മിസ്മോർ ഹാർമണിക് സംഗീത ശുശ്രൂഷ നിർവ്വഹിക്കും.




മലബാറിന് വേണ്ടി പ്രാർത്ഥിക്കുക...

- കേരളത്തിന്റെ പകുതിയോളം വരുന്ന ഭൂവിഭാഗം
- ആറ് ജില്ലകളിലായി ഒന്നര കോടിയിലധികം ജനങ്ങൾ
- ജനസംഖ്യയിൽ ക്രിസ്ത്യാനികളുടെ എണ്ണം അഞ്ചു ശതമാനത്തിൽ താഴെ
- സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഏറ്റവും പുറകിൽ നിൽക്കുന്ന ആദിവാസികൾ ഉൾപ്പെടെ വിവിധ ജനവിഭാഗങ്ങൾ.

*സ്ഥാപക ഡയറക്ടർ*
റവ. ഉമ്മൻ എബ്രഹാം

*ജനറൽ സെക്രട്ടറി*
പാസ്റ്റർ ജോയ് ആലുംമൂട്ടിൽ

ഇവർ നമ്മുടെ സഹോദരങ്ങളാണ്. നമ്മുടെ ഭാഷ സംസാരിക്കുന്നവരാണ്. മലബാറിൽ യേശുവിന്റെ സ്നേഹം പകർന്നു നൽകുവാൻ പ്രതിജ്ഞാബദ്ധരായി ഒരു മുന്നണി സുവിശേഷീകരണ പ്രസ്ഥാനം

ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഇന്ത്യാ

മലബാറിലും തമിഴ്നാട്ടിലുമായി 25 ലോക്കൽ സഭകൾ–
ഈ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
പാസ്റ്റർ രാജൻ മാത്യു–പ്രസിഡന്റ് – 98479 32111
പാസ്റ്റർ കെ.കെ.തങ്കച്ചൻ–സെക്രട്ടറി 9961319517

email: oabraham44@yahoo.com / ktmathew@gmail.com







PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.